# സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

Suvisesha Dhwani Fortnightly Reg. No. RN. 29475/78 Vol. 36 Issue 10 | 4 ഫെബ്രുവരി 2012 പുസ്തകം 36 ലക്കം 10 പേജ് 6


## നോർത്ത് ടീം വീണ്ടും പഞ്ചാബിലേക്ക്

**തൃശ്ശൂർ:** ദൈവഹിതമായാൽ ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വൈ.എം.ഇ.എഫ്. നോർത്ത് ഡിവിഷൻ ടീം പഞ്ചാബിൽ പ്രവർത്തിക്കുവാൻ കർത്താവിൽ ആശ്രയിച്ചു തീരുമാനിച്ചിരിക്കുന്നു. ജനുവരി 27-നു ടീം അങ്കമാലിയിൽ നിന്നു പുറപ്പെട്ടിട്ടുണ്ട്. ഫാസിൽക്ക, ഫിറോസ്പൂർ, ബട്ടിൻഡ എന്നീ ജില്ലകളിലാണ് വേല ചെയ്യുവാൻ ഉദ്ദേശിക്കുന്നത്. ഇതിനു മുമ്പ് പ്രവർത്തിച്ച സ്ഥലമാണ് ഇതെങ്കിലും അന്ന് ചെന്നിട്ടില്ലാത്തിടത്തും ചില ഫലങ്ങൾ ലഭിച്ചിട്ടുള്ളതുമായ ഇടങ്ങളിലാണ് കൂടുതൽ ശ്രദ്ധ ചെലുത്തുന്നത്. ഭവന സന്ദർശനം, ആളാം പ്രതിവേല, പരസ്യയോഗങ്ങൾ (സാധ്യത ഉള്ളിടത്ത്) എന്നിവയാണ് ചെയ്യുന്നതിനുദ്ദേശിക്കുന്നത്. പഞ്ചാബിലെ സുവിശേഷകന്മാരുടെ സഹകരണത്തിലാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്. സുവിശേഷകൻ പി.ബി. ശാമുവേൽ പ്രാദേശിക കോർഡിനേറ്ററായി പ്രവർത്തനത്തിൽ സഹകരിക്കുന്നു. പ്രതികൂല സാഹചര്യങ്ങൾ വർധിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ പ്രവർത്തനം വളരെ അനുഗ്രഹകരമായി തുടരുവാൻ ദൈവജനത്തിന്റെ ശ്രദ്ധയേറിയ പ്രാർത്ഥന അനിവാര്യമായിരിക്കുന്നു.

*എം.സി. ജോർജ്ജ്*

# അബ്രഹാമിന്റെ ആരാധന നാം മാതൃകയാക്കണം

**ജോസ് മാത്യു, മംഗലാപുരം**



ബ്രദർ ജോസ് മാത്യു വചനം ശുശ്രൂഷിക്കുന്നു. തർജ്ജമ ബ്രദർ പി.എം. ജോർജ്ജ്കുട്ടി.

**കൊട്ടാരക്കര:** അബ്രഹാമിന്റെ ആരാധന നമുക്ക് ഒരു നല്ല മാതൃകയാണ്. ദൈവത്തെ ആരാധിക്കുന്നവരായ നാം മാതൃകയാക്കേണ്ട നിരവധി കാര്യങ്ങൾ അബ്രഹാമിന്റെ ആരാധനയിലുണ്ട്. കൊട്ടാരക്കര കൺവൻഷന്റെ സമാപന സമ്മേളനത്തിൽ ഉല്പ. 22:1-14 ഉദ്ധരിച്ച് സംസാരിക്കുകയായിരുന്നു ബ്രദർ ജോസ് മാത്യു.

മോറിയാ മലയിൽ യാഗം കഴിക്കുവാൻ തന്റെ മകനുമായി പോകുന്ന അബ്രഹാം. ആദ്യമായി ആരാധന എന്ന പദം അതിന്റെ പൂർണ്ണ അർത്ഥത്തിൽ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു. അബ്രഹാം ബാല്യക്കാരോട്, 'നിങ്ങൾ കഴുതയുമായി ഇവിടെ ഇരിപ്പിൻ. ഞാനും ബാലനും അവിടത്തോളം ചെന്ന് ആരാധന കഴിച്ച് മടങ്ങിവരാം' എന്നു പറഞ്ഞു. അബ്രഹാമിന്റെ ആഴമായ വിശ്വാസത്തിന്റെ പ്രദർശനം! ഞാനും മകനും അവിടെ പോയി ആരാധന കഴിച്ച് ഞങ്ങൾ മടങ്ങിവരാം.

പുതിയ നിയമ വിശ്വാസികളും അബ്രഹാമിന്റെ മക്കൾ എന്നു അറിയപ്പെടുന്നു (ഗലാ. 3:6,7). നാം ദൈവത്തെ ആരാധിക്കേണ്ടുന്നവർ ആണ്. അബ്രഹാമിന്റെ ആരാധനയുടെ ചില പ്രത്യേകതകൾ തുടർന്നു താൻ വിശദീകരിച്ചു. വേർപെട്ടവർ വേണം കർത്താവിനെ ആരാധിക്കുവാൻ (വാ. 1) ദൈവകല്പന അനുസരിച്ച് ആരാധിക്കണം (വാ. 2). പൂർണ്ണ തയ്യാറെടുപ്പോടെ വേണം ആരാധിക്കുവാൻ (വാ. 3). ദൈവത്തിന് ഏറ്റവും നല്ലത് കൊടുക്കുന്നതാണ് യഥാർത്ഥ ആരാധന (വാ. 2). സമ്പൂർണ്ണമായ സമർപ്പണമാണ് ആരാധന (വാ. 9,10). അങ്ങനെയുള്ള ആരാധന ദൈവം സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു (വാ. 12). ജനുവരി 22 ഞായറാഴ്ച നടന്ന സംയുക്ത ആരാധനയോടെ ഈ വർഷത്തെ കൺവൻഷനു സമാപനമായി. ചാണ്ടപ്പിള്ള ഫിലിപ്പ്, വർഗീസ് കുര്യൻ, സാമുവേൽ ബി. തോമസ്, ജോസ് മാത്യു എന്നീ സഹോദരന്മാർ വിവിധ സമ്മേളനങ്ങളിൽ വചനം ശുശ്രൂഷിച്ചു.

## ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുന്നുവോ?

**ഏബ്രഹാം മാത്യു**

നമ്മുടെ ദൈവം തന്റെ ജനത്തിന് ഉത്തരമരുളുന്ന ദൈവമാണ്; വിളിച്ചപേക്ഷിച്ചാൽ കേൾക്കുന്നവനാണ്. എന്നാൽ ദൈവജനത്തിനു മധ്യത്തിൽ ഐക്യതയില്ലാതെ ഭിന്നതയിൽ തുടർന്നുകൊണ്ട് പ്രാർത്ഥിച്ചാൽ കർത്താവ് എങ്ങനെ കേൾക്കും? നെഹമ്യാവിന്റെ പ്രാർത്ഥന ഓർപ്പിച്ചുകൊണ്ട് ജനുവരി 29 ന് വൈ.എം.ഇ.എഫ്. (സൗത്ത്) പ്രാർത്ഥനായോഗത്തിൽ പത്തനംതിട്ട സുവിശേഷാലയത്തിൽ കൂടി വന്ന സഹോദരന്മാരെ പ്രാർത്ഥനയ്ക്കായി ഉദ്ബോദിപ്പിക്കുകയായിരുന്നു ബ്രദർ ഏബ്രഹാം മാത്യു.

ഇന്ന് പിശാച് ദൈവജനത്തെ ഭിന്നിപ്പിച്ചിരിക്കുകയാണ്. തെറ്റു വരാത്തവരായി ആരുംതന്നെയില്ല. ഒരാളിൽ തെറ്റുവന്നാൽ അത് പ്രസിദ്ധപ്പെടുത്തുകയല്ല വേണ്ടത്. അയാൾക്കു വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുകയാണ് ചെയ്യേണ്ടത്. അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാവാം എന്നാൽ അന്യോന്യം പഴിചാരാതെ തമ്മിൽ തമ്മിൽ പ്രാർത്ഥനയിൽ വഹിക്കുകയാണ് വേണ്ടത്. ഇക്കാര്യങ്ങളിലെല്ലാം നെഹമ്യാവിന്റെ മാതൃക നമുക്ക് അനുകരണീയമാണ്. നെഹമ്യാവിനെപ്പോലെ ലക്ഷ്യബോധത്തോടെയുള്ള പ്രാർത്ഥന, ആവശ്യബോധത്തോടെയുള്ള പ്രാർത്ഥന ദൈവം കേൾക്കുന്നു.

സ്വർഗ്ഗത്തിലെ ദൈവത്തോട് വന്നുപോയ പാപങ്ങളെ ഏറ്റുപറഞ്ഞുകൊണ്ട് നമുക്ക് തുടർന്നും പ്രാർത്ഥിക്കാം; എന്നാൽ തീർച്ചയായും ദൈവമുഖത്തുനിന്ന് അനുഗ്രഹങ്ങൾ പ്രതീക്ഷിക്കാം.

## സുവിശേഷകൻ ബാബു തോപ്പിൽ നിത്യതയിൽ



**കട്നി:** മദ്ധ്യപ്രദേശിലെ കട്നിയിൽ സുവിശേഷകനായിരുന്ന ബ്രദർ ബാബു തോപ്പിൽ (55) ജനുവരി 29 ന് മഹത്വത്തിലേക്ക് ചേർക്കപ്പെട്ടു. കേരളത്തിൽ നിന്നും മദ്ധ്യപ്രദേശിൽ കടന്നുപോയി ഉത്സാഹപൂർവ്വം കർത്തൃശുശ്രൂഷയിലായിരുന്ന സഹോദരന്റെ വേർപാട് മദ്ധ്യപ്രദേശ് സുവിശേഷവത്ക്കരണത്തിന് വലിയ ഒരു നഷ്ടം തന്നെയാണ്. വൈ.എം.ഇ.എഫ്. ടീം മദ്ധ്യപ്രദേശിൽ പ്രവർത്തിക്കുന്ന കാലത്ത് അദ്ദേഹം ദീർഘനാൾ ടീമിലുണ്ടായിരുന്നു. ഗ്രാമ സുവിശേഷീകരണത്തിൽ വ്യാപൃതനായിരുന്ന അദ്ദേഹം തദ്ദേശീയരെ തെരഞ്ഞെടുത്ത് പരിശീലിപ്പിച്ച് വേലയ്ക്ക് അയച്ചു വന്നിരുന്നു.

പെട്ടെന്നുണ്ടായ വേർപാടുമൂലം ദുഃഖത്തിലിരിക്കുന്ന സഹോദരി ലിജിയേയും മക്കളേയും സഭാവിശ്വാസികളെയും പ്രാർത്ഥനയിൽ ഓർക്കുക. ഭൗതിക ശരീരം അനേക ദൈവമക്കളുടെ സാന്നിധ്യത്തിൽ ജനുവരി 31 ന് കട്നിയിൽ സംസ്ക്കരിച്ചു. (*ബാബു തോപ്പിൽ - ജ്വലിച്ച് പ്രകാശിച്ച വിളക്ക്:* മൂന്നാം പേജ് കാണുക.)

## യഹോവയുടെ പ്രമാണം അനുസരിക്കുക

**ബിനു മാത്യൂ**

ദൈവവചനത്തോടുള്ള അനുസരണക്കേടാണ് ദൈവജനത്തിന്റെ മധ്യത്തിലുള്ള ഇന്നത്തെ പ്രശ്നങ്ങൾക്ക് കാരണമെന്ന് ബ്രദർ ബിനു മാത്യു പറഞ്ഞു. അടൂർ ബഥനി ബ്രദറൺ അസംബ്ലി കൺവൻഷനിൽ യിരെ. 8-ാം അധ്യായം ആസ്പദമാക്കി സംസാരിക്കുകയായിരുന്നു അദ്ദേഹം. ആകാശത്തിലെ പെരുഞ്ഞാറ തന്റെ കാലം അറിയുന്നു; പക്ഷികൾ മടങ്ങിവരവിനുള്ള സമയം അനുസരിക്കുന്നു; എന്നാൽ തന്റെ ജനം യഹോവയുടെ ന്യായം അറിയുന്നില്ല.

നാം ജ്ഞാനികളാണെന്നും ന്യായപ്രമാണം നമ്മുടെ പക്കൽ ഉണ്ടെന്നും നാം പറയുന്നു. എന്നാൽ പ്രമാണം അറിയുന്നില്ല; അനുസരിക്കുന്നുമില്ല. യഹൂദന്മാരിൽ പ്രമാണിയും ഉപദേഷ്ടാവുമായിരുന്ന നിക്കോദേമോസിനോടും കർത്താവ് ഇതുതന്നെയാണ് ചോദിക്കുന്നത്. ഉപദേഷ്ടാവായിരുന്നിട്ടും കാര്യങ്ങൾ അറിയാതിരിക്കുന്ന അവസ്ഥ!

യിരെമ്യാവ് പറഞ്ഞതുപോലെ, ആരും ഇതേക്കുറിച്ച് അനുതപിക്കുന്നതുമില്ല എന്നതാണ് മറ്റൊരു കാര്യം. മടങ്ങി വരുവാൻ മനസ്സില്ലാതെ പിന്നെയും പ്രവൃത്തികൊണ്ട് ദൈവത്തെ കോപിപ്പിച്ചാൽ... (8:22). അന്ന് പ്രവാചകന്മാരും പുരോഹിതന്മാരും ചെയ്തതുപോലെ ഇന്നും ലഘുവായ ചികിത്സയാണ് നടക്കുന്നത്. പിന്നെങ്ങനെ ദൈവജനത്തിന്റെ മധ്യത്തിൽ സമാധാനം ഉണ്ടാകും? (8:11). ആകയാൽ ദൈവത്തെ കോപിപ്പിച്ച് മുന്നോട്ട് പോകുന്നത് അവസാനിപ്പിച്ച് ഗിലെയാദിലെ പരമവൈദ്യന്റെ അടുത്തേയ്ക്കു വരുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു.


***പേജ് 3 ൽ***

**പർവ്വതവാസികളായ നൊയിരികൾ**

***പേജ് 4 ൽ***

**വിശ്വാസികളായ നാം ക്രിസ്തുവിന്റെ പത്രങ്ങൾ**

എഡിറ്റോറിയൽ

# ഉത്തരഭാരതത്തിൽ നിന്നും സുവിശേഷകന്മാർ കേരളത്തിലേക്ക്

**ചി**ല മാസങ്ങൾക്കു മുമ്പ് ഉത്തര ഭാരതത്തിലെ മധ്യപ്രദേശിൽ നിന്നും ഒരു കൂട്ടം സുവിശേഷകന്മാർ കേരളത്തിൽ പര്യടനം നടത്തി. വടക്കേ ഇന്ത്യയിൽ നിന്നും സുവിശേഷകന്മാർ എന്തിനാണ് ഇങ്ങോട്ടു വരുന്നത് എന്നു നിങ്ങൾ ചോദിച്ചേക്കാം. ഒരു പ്രത്യേക ആവശ്യം മുൻ നിർത്തി കേരളത്തിലെ വിശ്വാസികളോട് ഒരു ആഹ്വാനം നടത്താനാണ് അവർ വന്നത്. കടന്നു വന്ന് ഞങ്ങളെ സഹായിക്ക എന്ന മക്കദോന്യ വിളി ആന്ധ്രയിലും കേരളത്തിലുമൊക്കെ മുഴക്കുവാനാണ് അവർ വന്നത്."മിഷൻ അവയർനെസ്സ് പ്രോഗ്രാം" എന്നാണ് അവർ അതിനു പേരു കൊടുത്തത്. അങ്കമാലിയിലും അവർ വന്ന് യോഗം നടത്തുകയുണ്ടായി. അവർ പറഞ്ഞ കാര്യങ്ങളുടെ രത്നച്ചുരുക്കം ഇതാണ്: 50 ജില്ലകളുള്ള മധ്യപ്രദേശിൽ 19 ജില്ലകളിൽ മാത്രമാണ് നമ്മുടെ സുവിശേഷകന്മാരും സഭകളുമുള്ളത്. 2001 ലെ കണക്കനുസരിച്ച് ജനസംഖ്യയിൽ ഭാരതത്തിലെ സംസ്ഥാനങ്ങളിൽ 7–ാം സ്ഥാനം മധ്യപ്രദേശിനുണ്ട്. ആറുകോടിയിലധികം ജനങ്ങളുള്ള ഒരു സംസ്ഥാനം, സുവിശേഷവല്ക്കരണത്തിന്റെ ആവശ്യകത നമ്മെ ബോധ്യപ്പെടുത്തുവാൻ മതിയായ കണക്കുകൾ!

ഈ പ്രിയ സഹോദരന്മാർ സന്ദർശിച്ച ഒരു പട്ടണത്തിലും സമീപ സ്ഥലങ്ങളിലുമായി 18 സുവിശേഷകന്മാരുണ്ട്. ഇത് കേരളത്തിലെ കാര്യമാണ്. അവരിൽ ആരും തന്നേ മധ്യപ്രദേശിലേക്കു പോകുവാൻ മുമ്പോട്ടു വന്നില്ല! ഇവിടുത്തെ സുഖകരമായ കാലാവസ്ഥയും വിട്ട് ഉത്തരഭാരതത്തിലേക്കു പോകുകയോ...? ഒരുപക്ഷേ പലർക്കും അത് ചിന്തിക്കുവാൻ പോലും കഴിയുകയില്ല. മധ്യപ്രദേശിൽ നിന്നും വന്ന ഈ ടീം ചില ആഴ്ചകൾ കേരളത്തിൽ സഞ്ചരിച്ചെങ്കിലും ആരെങ്കിലും അനുകൂലമായി പ്രതികരിച്ചതായി അറിയാൻ കഴിഞ്ഞിട്ടില്ല.

**ഇനിയും ആർ അവിടേയ്ക്കു പോകും?**

വടക്കേ ഇന്ത്യയിലേക്കുപോയ സുവിശേഷകന്മാർ അവരുടെ കുടുംബങ്ങളുടെയും മക്കളുടെയും ഭാവി നശിപ്പിച്ചു എന്നു ചിന്തിക്കരുത്. ഉത്തര ഭാരതത്തിലെ സുവിശേഷകന്മാരുടെയും മക്കളുടെയും കാര്യങ്ങൾ അടുത്ത് നിരീക്ഷിച്ച ഒരു വ്യക്തി എന്ന നിലയിൽ ചില കാര്യങ്ങൾ ധൈര്യത്തോടെ പറയാൻ കഴിയും. അവരുടെ മക്കൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കുവാൻ കഴിഞ്ഞു. തൽഫലമായി അവർക്കു പലർക്കും നല്ല ഉദ്യോഗങ്ങൾ ലഭിച്ചു. ചിലരുടെ മക്കൾ നല്ല സുവിശേഷ പ്രവർത്തകരായി ശോഭിക്കുന്നു. സ്തോത്രം. അടുത്തയിടെ നഴ്സായ തന്റെ മകളുടെ വിവാഹം നടത്തുവാൻ ഒരു സുവിശേഷകൻ ഒറീസ്സായിൽ നിന്നും കേരളത്തിൽ വന്നു, ആ വിവാഹം നടന്നു. അപ്പോഴിതാ, അടുത്ത മകൾക്കും ഉടൻ നടത്താൻ വിവാഹാലോചന വന്നു. അതും ഉടനെതന്നെ നടത്തി. ഒരു മകളുടെ വിവാഹം നടത്താൻ വന്ന കുടുംബം രണ്ടു പെൺമക്കളുടെ വിവാഹം നടത്തി സന്തോഷത്തോടെ മടങ്ങി! ദൈവം ആർക്കും കടക്കാരനല്ല.

ചില നാളുകൾക്കുമുമ്പ് കെനിയയിലേക്കു വേലയ്ക്കു പോകാനൊരുങ്ങുന്ന സുവിശേഷകന്റെ സാക്ഷ്യം കേട്ടു. കേരളത്തിലെ സുവിശേഷകന്മാരുടെ തിക്കിലും തിരക്കിലും പെട്ടു വലയുന്നതിനേക്കാൾ വിദേശത്തുപോയി പ്രർത്തിക്കുന്നതാണ് നല്ലതെന്നു തോന്നി എന്നാണ് താൻ പറഞ്ഞത്.

കഴിഞ്ഞ ദിവസം മഹത്വത്തിലേക്കു ചേർക്കപ്പെട്ട മധ്യപ്രദേശിലെ കട്നിയിൽ പ്രവർത്തിച്ചിരുന്ന സഹോ. ബാബു തോപ്പിലിന്റെ സാക്ഷ്യം ശ്രദ്ധേയമാണ്. പല പ്രതികൂലങ്ങളെ തരണം ചെയ്യേണ്ടിവന്നു. പുതിയ നിയമം, ബൈബിൾ മുതലായവ വാങ്ങുന്നതിന് ഉതവി ചെയ്യുവാൻ ആരുമില്ലെന്ന് താൻ സങ്കടപ്പെട്ട ദിവസങ്ങൾ ഈ ലേഖകന്റെ ഓർമ്മയിലുണ്ട്. പിന്നീട് കർത്താവ് എല്ലാം സമൃദ്ധിയായി നല്കി. സ്തോത്രം. ചില ഗ്രാമങ്ങളിൽ സഭകൾ സ്ഥാപിക്കുവാൻ തന്നെ കർത്താവ് ബലപ്പെടുത്തി. ഗ്രാമങ്ങളിൽ ഹോളുകൾ പണിയുവാനിടയായി. കട്നിയിലും ഹോൾ, ബൈബിൾ സ്കൂൾ കെട്ടിടമൊക്കെ പണിവാൻ സഹായം ലഭിച്ചു. സമീപ ജില്ലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുക എന്നത് തന്റെ സ്വപ്നമായിരുന്നു; അതിന് ഉത്സാഹിച്ചുമിരുന്നു. താൻ വേല തികച്ചു കടന്നു പോയി. ഇനി ആർ അവിടേക്കു പോകും? നിങ്ങൾ പോകുമോ?

ആദ്യമായി ഈ എഴുത്തുകാരൻ മധ്യപ്രദേശിലേക്കു കടന്നുപോയത് 1960 ഏപ്രിൽ മാസത്തിലാണ്. കഠിനമായ ചൂട്, അതിന്റെ നടുവിലും ഇൻഡോറിൽ പോയി ലഘുലേഖകൾ വിതരണം ചെയ്തതോർക്കുന്നു. അന്ന് അവിടെ സഭയോ സുവിശേഷകനോ ഒന്നുമില്ല. ഇന്ന് അവിടെ നല്ല സഭയുണ്ട്. സുവിശേഷകന്മാരുണ്ട്. ദൈവം അത്ഭുതം പ്രവർത്തിച്ചിരിക്കുന്നു.

യുവാക്കന്മാരേ, മധ്യപ്രദേശിൽ നിന്നുമുള്ള വിളി കേൾക്കുക. വിശാലമായ വയലുകൾ നിങ്ങളെ മാടി വിളിക്കുന്നു. കടന്നു പോകുമോ? കർത്താവിന്റെ ശബ്ദത്തിനു ചെവി കൊടുക്കുക. നിത്യതയിലേക്കു ചേർക്കപ്പെട്ട സുവിശേഷകൻ ബാബു തോപ്പിലിനെ അനുസ്മരിച്ച് രണ്ടു വാക്ക് ഈ ലക്കത്തിൽ ചേർത്തിരിക്കുന്നത് പ്രിയ വായനക്കാർക്ക് ആത്മീയ ഉത്തേജനത്തിനു കാരണമാകട്ടെ. കർത്താവിന്റെ നാമം മഹത്വപ്പെടുമാറാകട്ടെ.

**ഇ.ജെ. പൈലി**

**ഈ മാസത്തെ ചിന്തയ്ക്ക്**

"ജ്ഞാനിയുടെ വായിലെ വാക്ക് ലാവണ്യമുള്ളത്; മൂഢന്റെ അധരമോ അവനെ തന്നേ നശിപ്പിക്കും."

– *സഭാപ്രസംഗി 10:12*


**ബ്രദർ പി.പി. ജോർജ്ജ് അങ്കമാലി**
**തയ്യാറാക്കുന്ന**
**ധ്വനി ബൈബിൾ ക്വിസ്**
**ഉടൻ ആരംഭിക്കുന്നു**


# യഥാർത്ഥ അനുഗ്രഹം ആർക്ക്? എങ്ങനെ?

വി.സി. തോമസ്, പാലക്കാട്

**യോസേഫിനെപ്പോലെ മക്കളെ ദൈവസന്നിധിയിൽ കൊണ്ടുവരുന്നതിനും അനുഗ്രഹങ്ങൾ അവർക്കു നേടികൊടുക്കുന്നതിനും മാതാപിതാക്കൾക്ക് നല്ല പങ്ക് വഹിക്കാൻ സാധിക്കും.**

**സാ**മാന്യം നല്ല ജോലിയും സുഖസൗകര്യങ്ങളും മറ്റുമുണ്ടെങ്കിൽ ജനം പറയും അവൻ ഭാഗ്യവാനാണെന്ന്. ജനിക്കുന്നെങ്കിൽ അയാളെപ്പോലെ ജനിക്കണം എന്നു പറയുന്നവരും ഉണ്ട്. ദൈവമക്കളുടെ ഇടയിലും ഈ നിലയിൽ ചിന്തിക്കുന്നവരും പറയുന്നവരും ഉണ്ട് എന്നതാണ് യാഥാർത്ഥ്യം. അനുഗ്രഹം കണക്കിടേണ്ടത് ജോലിയുടെ അടിസ്ഥാനത്തിലോ സൗന്ദര്യത്തിന്റെ അടിസ്ഥാനത്തിലോ സാമ്പത്തിക ഭദ്രതയുടെ അടിസ്ഥാനത്തിലോ അല്ല. ആത്മികതയുടെ അടിസ്ഥാനത്തിലാണ്. അപ്പനും അമ്മയും മക്കളും അവരുടെ മക്കളും ആത്മികരാണെങ്കിൽ അവരാണ് അനുഗ്രഹിക്കപ്പെട്ടവർ. അഥവാ ഭാഗ്യവാൻമാർ.

മാതാപിതാക്കന്മാർ മക്കൾക്കു നല്കേണ്ട ഏറ്റവും വലിയ സമ്പത്ത് അവർക്ക് ദൈവത്തെ നല്കുക എന്നതും മാതൃകയായിരിക്കുക എന്നതുമാണ്. ഈ കാലത്ത് ദൈവമക്കളെന്നഭിമാനിക്കുന്നവരിൽ പലരും മക്കൾക്കു വേണ്ടി വലിയ ബാങ്ക് നിക്ഷേപങ്ങളും ഭൂസ്വത്തും ഉന്നത വിദ്യാഭ്യാസവും മറ്റും നല്കുവാനുള്ള തത്രപ്പാടിൽ അവർ മക്കൾക്കു നല്കുവാൻ മറന്നുപോകുന്നത് ദൈവത്തെയാണ്. അപ്പനും അമ്മയും ആത്മികരല്ലാത്തതുകൊണ്ട് മാതൃകാപരമായ ആത്മിക ജീവിതം നയിക്കുവാനും സാധിക്കുന്നില്ല. നിങ്ങൾ ഞങ്ങളെ മാതൃകയാക്കണമെന്ന് മക്കളോട് പറയുവാൻ അവർക്കു കഴിയുന്നില്ല.

യാക്കോബിനു ദൈവം നല്കിയത് 12 ആൺമക്കളെയും, ഒരു മകളെയുമാണ്. ഇതിൽ 12 ആൺ മക്കളും ഓരോ ഗോത്രങ്ങളായി തീർന്നപ്പോൾ ഏകമകളായ ദീന ശപിക്കപ്പെടുകയാണുണ്ടായത്. വേദപുസ്തക ചരിത്രത്തിൽ അനേകം മഹിളാരത്നങ്ങൾ ഉണ്ട്. സാറ, റിബേക്കാ, ലേയ, റാഹേൽ, മിര്യാം, രൂത്ത്, ഹന്നാ, എസ്ഥേർ, യേശുവിന്റെ അമ്മ മറിയ, എലിസബത്ത്, യൂനീക്ക, ലോവീസ് തുടങ്ങിയ പേരുകൾ വേദപുസ്തകത്തിന്റെ സുവർണ്ണതാളുകളിൽ മങ്ങാതെ ഇടം നേടിയിട്ടുണ്ട്. യോക്കോബിന്റെ പന്ത്രണ്ട് ആൺമക്കളെക്കാൾഏക മകളായ ദീന അനുഗ്രഹിക്കപ്പെടേണ്ടതായിരുന്നു. മാത്രമല്ല മറ്റു മഹിളാരത്നങ്ങളെക്കാളും ചരിത്രത്തിൽ നിറഞ്ഞു നില്ക്കേണ്ടവളുമായിരുന്നു. എന്നാൽ എന്നേയ്ക്കുമായി പിൻതള്ളപ്പെടുകയാണുണ്ടായത്. പിതാവായ യാക്കോബ് തന്നെയാണ് അതിനു കാരണക്കാരൻ. ജ്യേഷ്ഠനായ ഏശാവിനെ ഭയന്നു ഓടിപ്പോകുമ്പോൾ ബേഥേലിൽ വച്ച് അനുഗ്രഹങ്ങൾ നല്കിയ ദൈവത്തോട് ചെയ്ത നേർച്ച, ''ഞാൻ പോകുന്ന വഴിയിൽ നീ എന്റെകൂടെ ഇരിക്കുകയും എന്നെ എന്റെ അപ്പന്റെ വീട്ടിലേക്കു ക്ഷേമത്തോടെ മടക്കിക്കൊണ്ടു വരികയും ചെയ്താൽ ഞാൻ തൂണായി നിർത്തിയ ഈ കല്ല് നിന്റെ ആലയമാകും'' എന്നാണ് (ഉല്പ. 28:18–22). യാക്കോബിനെ ദൈവം തിരിച്ചു കൊണ്ടുവന്നപ്പോൾ ബേഥേലിൽ താമസിച്ച് ദൈവത്തെ ആരാധിക്കണമായിരുന്നു. പകരം യാക്കോബ് ചെയ്തത് ദൈവമക്കളില്ലാതിരുന്ന വിഗ്രഹാരാധികളുടെ സ്ഥലമായ ശേഖേമിൽ പോയി താമസിക്കുകയായിരുന്നു. (ഉല്പ. 33:18–20). അവിടെ വച്ച് ശേഖം എന്നയാൾ ദീനയെ പിടിച്ചു കൊണ്ടു പോകുകയും അപമാനിക്കുകയും ചെയ്തു. ഇത് ദൈവത്തിന്റെ ശിക്ഷയായിരുന്നു. ദൈവത്തോടുള്ള നേർച്ച യോക്കോബ് നിറവേറ്റേണ്ടതായിരുന്നു. പിന്നീട് യാക്കോബിന് തന്റെ നേർച്ചയെക്കുറിച്ച് ഓർമ്മവരികയും ബേഥേലിൽ ചെന്ന് താമസിക്കുകയും ആരാധിക്കുകയും ചെയ്തു (ഉല്പ. 35:1–7).

മക്കളുടെ അനുഗ്രഹത്തിന് മാതാപിതാക്കൾക്കുള്ള പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. ദൈവത്തെ ഭയപ്പെടാതെ മാതാപിതാക്കൾ ലോകസുഖങ്ങൾക്കുവേണ്ടി ജീവിച്ചാൽ ചിലപ്പോൾ ദൈവം അവരുടെ പാപം മക്കളിലും അവരുടെ മക്കളിലും സന്ദർശിച്ചു എന്നു വരാം. അതുകൊണ്ടാണ് ചില മാതാപിതാക്കളുടെ ചാപല്യങ്ങൾ മക്കളിലും കണ്ടുവരുന്നത്. ദൈവം നമുക്കു നല്കുന്ന മക്കളെ പഠിപ്പിച്ച് ലോകപ്രകാരം ഉന്നതരാക്കുക, പിന്നീട് അവരിൽ നിന്നുള്ള സഹായങ്ങൾ പ്രാപിക്കുക എന്ന ലക്ഷ്യത്തോടെ ആകരുത് അവരെ വളർത്തേണ്ടത്. മറിച്ച് അവരെ ആത്മികരായി വളർത്തി ദൈവത്തിന് പ്രയോജനമുള്ളവരാക്കി തീർക്കണം.

യോസേഫിന് രണ്ടു മക്കളാണ് – മനശ്ശെയും എഫ്രയീമും. മനശ്ശെ മൂത്തവനാണെങ്കിലും ഏശാവിനെയും യാക്കോബിനെയും പോലെ ഒന്നാമനാകുവാനുള്ള ഭാഗ്യം ലഭിച്ചത് രണ്ടാമനായ എഫ്രയീമിനാണ്. മനശ്ശെ എഫ്രയീം എന്നതിനു പകരം എഫ്രയീം മനശ്ശെ എന്നാണ് പറയുന്നത്. വല്യപ്പനായ യാക്കോബ് കൊച്ചുമക്കളെ അനുഗ്രഹിച്ചത് ഇങ്ങനെയാണ് (ഉല്പ. 48: 14). യോസേഫിന്റെ മക്കളായ എഫ്രയീമും മനശ്ശെയും ഓരോ ഗോത്രങ്ങളായി തീർന്നു എന്നുള്ളതും ശ്രദ്ധേയമാണ്. യാക്കോബിന്റെ പന്ത്രണ്ട് മക്കളിൽ ജ്യേഷ്ഠാവകാശം ലഭിക്കേണ്ടിയിരുന്നത് രൂബേനായിരുന്നു. എന്നാൽ രൂബേന്റെ പാപം നിമിത്തം അത് ലഭിക്കാതെ പോയി (1 ദിന. 5:1; ഉല്പ. 49:4). ജ്യേഷ്ഠാവകാശം ലഭിച്ചത് യോസേഫിനും അവന്റെ മക്കൾക്കുമാണ് (1 ദിന. 5:12). യാക്കോബിന്റെ കൊച്ചുമക്കളിൽ ഇവർ മാത്രം ഈ നിലയിൽ അനുഗ്രഹിക്കപ്പെടുവാനുള്ള കാരണം അവരുടെ പിതാവായ യോസേഫാണ്. യാക്കോബ് മരിക്കാറായ സമയത്ത് യോസേഫ് തന്റെ രണ്ടു മക്കളെയും പിതാവിന്റെ അടുക്കൽ കൊണ്ടുവന്ന് അനുഗ്രഹം ചോദിച്ച് വാങ്ങിക്കൊടുത്തു (ഉല്പ. 48).

യാക്കോബിന്റെ പതിനൊന്നു മക്കൾക്കും അവരുടെ മക്കൾക്കു ഈ നിലയിൽ അനുഗ്രഹം വാങ്ങികൊടുക്കാമായിരുന്നു. യോസേഫ് മാത്രമാണത് ചെയ്തത്. യോസേഫ് ഇപ്രകാരം ചെയ്തതുകൊണ്ട് യാക്കോബിന്റെ മക്കൾക്ക് തുല്യം കൊച്ചുമക്കളായ എഫ്രയീമും മനശ്ശെയും അനുഗ്രഹിക്കപ്പെട്ടു.

യോസേഫിനെപ്പോലെ മക്കളെ ദൈവസന്നിധിയിൽ കൊണ്ടുവരുന്നതിനും അനുഗ്രഹങ്ങൾ അവർക്കു നേടികൊടുക്കുന്നതിനും മാതാപിതാക്കൾക്ക് നല്ല പങ്ക് വഹിക്കാൻ സാധിക്കും. ഈ കാലത്ത് നമ്മുടെ മക്കൾ ആത്മികരും അനുഗ്രഹിക്കപ്പെട്ടവരുമായി വളരുവാൻ അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും വചനം പഠിപ്പിക്കുകയും സഭായോഗങ്ങളിൽ മുടക്കം കൂടാതെ പോകുവാൻ ഉത്സാഹിപ്പിക്കുകയും ചെയ്യുന്നെങ്കിൽ മക്കളുടെ നല്ല ഭാവി കണ്ട് സന്തോഷിക്കുവാൻ സാധിക്കും. മറിച്ചാണെങ്കിൽ ദുഃഖത്തിന് കാരണമാകും.

# ബാബു തോപ്പിൽ - ജ്വലിച്ചു പ്രകാശിച്ച വിളക്ക്

## ജനുവരി 29 -ന് കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ട സുവിശേഷകൻ ബാബുതോപ്പിൽ - ഒരു അനുസ്മരണം

ഇ.ജെ. പൈലി

ദുഃഖം നിറഞ്ഞ ഹൃദയത്തോടുകൂടെയാണ് ഈ വരികൾ ഞാൻ കുറിക്കുന്നത്. അവിശ്വസനീയമായ ആ വാർത്ത എന്നെ ഞെട്ടിപ്പിച്ചു. ബാബു തോപ്പിൽ എന്ന ആ ദീപം മധ്യപ്രദേശിലെ കട്നിയിൽ പൊലിഞ്ഞു പോയി. ഇതെഴുതുമ്പോൾ തന്റെ മൃതദേഹം കട്നി സഭാഹോളിൽ മൊബൈൽ മോർച്ചറിയിൽ കിടത്തിയിരിക്കുകയാണ്. കഴിഞ്ഞ യാഴ്ചയും ഞാൻ അദ്ദേഹവുമായി ഫോണിൽ സംസാരിച്ചിരുന്നു. ഇപ്പോൾ കട്നിയിൽ നടന്നു വരുന്ന ബൈബിൾ സ്കൂൾ കോഴ്സ് കഴിഞ്ഞ ആഴ്ച അവസാനിച്ചു. 9 തദ്ദേശീയരായ വിദ്യാർത്ഥികൾ അതിൽ അഭ്യസനം നേടി. ഇനി പ്രവർത്തനം, സമീപ ജില്ലകളായ പന്ന, ഛത്രപൂർ, ഷഢോൾ എന്നീ ജില്ലകളിലേക്ക് വ്യാപിപ്പിക്കണമെന്ന തന്റെ ആഗ്രഹമാണ് ബാബു കഴിഞ്ഞയാഴ്ച എന്നെ അറിയിച്ചത്. എന്നാൽ അതിനു മുമ്പായി യജമാനൻ തന്റെ ദാസനെ മടക്കി വിളിച്ചു.

ഞാൻ അത്യധികം സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും എന്നെയും കുടുംബത്തേയും വളരെയധികം സ്നേഹിക്കുകയും ചെയ്ത ബാബുവിന്റെ പെട്ടെന്നുള്ള വിയോഗം വലിയ ഒരാഘാതമായിരുന്നു. 1980 കളിൽ അങ്കമാലിയിൽ നടന്ന ബൈബിൾ സ്കൂളിൽ പഠിക്കുവാൻ വന്നപ്പോഴാണ് ബാബുവിനെ ആദ്യമായി കണ്ടത്. ഒരു വർഷത്തോളം വിദ്യാർത്ഥിയായി അങ്കമാലി പടിഞ്ഞാറെ സഭയിൽ വരുമായിരുന്നു. പിന്നീട് സുവിശേഷവേലയ്ക്കു വേർപെടുകയും ഗ്വാളിയറിൽ ബ്രദർ ഫിലിപ്പ് ഏബ്രഹാം നടത്തിയിരുന്ന ഹിന്ദി ബൈബിൾ സ്കൂളിൽ ഒരു വർഷക്കാലം ഭാഷാഭ്യസനം നടത്തുകയും ചെയ്തു. ഹിന്ദി നന്നായി അഭ്യസിച്ചത് ബാബുവിന്റെ ശുശ്രൂഷയിൽ ഒരു നാഴികക്കല്ലായിരുന്നു എന്നു പറയാം. (ആ ഹിന്ദി ശിക്ഷൺ സ്കൂൾ നിന്നുപോയത് നമുക്ക് ഒരു നഷ്ടമാണ്.) അതിനു ശേഷം വൈ.എം.ഇ.എഫ്. (N.D.) ന്റെ മധ്യപ്രദേശ് കാമ്പയിൻ 1983-86 കാലയളവിൽ നടന്നപ്പോൾ അതിൽ ഒരു വർഷത്തോളം താൻ ചേർന്നു പ്രവർത്തിച്ചു. ഞങ്ങൾക്കൊരുമിച്ച് ചില മാസങ്ങൾ അന്ന് പ്രവർത്തിപ്പാനിടയായത് സന്തോഷത്തോടെ ഓർക്കുന്നു. അങ്കമാലിയിലായിരുന്നപ്പോൾ സഭയിൽ എഴുന്നേറ്റു നിന്നാൽ കൈകൾ വിറയ്ക്കുമായിരുന്ന ബാബു തികച്ചും വ്യത്യാസപ്പെട്ടവനായി ഗ്രാമത്തിലെ പരസ്യയോഗങ്ങളിൽ ഗ്രാമീണരെ ധൈര്യത്തോടെ വിളിച്ചുകൂട്ടി അവർക്കു ആസ്വാദകരമായി ഹിന്ദിയിൽ സുവിശേഷം പ്രസംഗിക്കുന്നതു കണ്ട് ആശ്ചര്യപ്പെട്ടു പോയി. കട്നി വേലസ്ഥലമായി തിരഞ്ഞെടുക്കാൻ മുഖാന്തരമായത് വൈ.എം.ഇ.എഫ്. ടീമിൽ ചേർന്നു പ്രവർത്തിച്ചതാണ്.

കഴിഞ്ഞ 25 വർഷങ്ങൾ പ്രിയ ബാബുവിന് കട്നിയിൽ പ്രവർത്തിപ്പാൻ കർത്താവ് സഹായിച്ചു. അവിടെ ഒരു നല്ല സഭയും സഭാഹോളുമുണ്ട്. അടുത്ത സമയം ബൈബിൾസ്കൂളിനു വേണ്ടി ഒരു കെട്ടിടം പണിയുവാൻ ബഹറിനിലെ സഭ സഹായ ഹസ്തം നീട്ടി. ഒരു കോഴ്സ് കഴിഞ്ഞു. രണ്ടാമത്തെ ബാച്ച് കഴിഞ്ഞ ആഴ്ച പഠനം പൂർത്തീകരിച്ചു. അവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. അവരെല്ലാം ഹിന്ദിക്കാരായിരുന്നു.

> **ഗ്രാമങ്ങളിലെ പ്രവർത്തനത്തിൽ ബാബു പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിച്ചു. തൽഫലമായി ഗ്രാമങ്ങളിൽ സഭകൾ രൂപം കൊണ്ടു.**


ഗ്രാമങ്ങളിലെ പ്രവർത്തനത്തിൽ ബാബു പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിച്ചു. തൽഫലമായി ഗ്രാമങ്ങളിൽ സഭകൾ രൂപം കൊണ്ടു. അതു സംബന്ധിച്ച് ബാബു ചില വർഷങ്ങൾക്കു മുമ്പ് അയച്ച കത്ത് എന്റെ മേശപ്പുറത്ത് ഫയലിൽ കാണുന്നു. അതിൽ നിന്നും ഉദ്ധരിക്കട്ടെ: "74 ഗ്രാമങ്ങളിലായി രണ്ടായിരത്തിലധികം പേർ കർത്താവിനെ രക്ഷിതാവായി സ്വീകരിപ്പാനിടയായി. രാത്രി 9.30 വരെ ഗ്രാമങ്ങളിൽ പ്രവർത്തിപ്പാൻ കർത്താവു കൃപ നൽകി." ഗ്രാമങ്ങളിൽ വീടുകളിൽ കൂടുവാൻ സ്ഥലസൗകര്യമില്ലാത്തതിനാൽ മരച്ചുവട്ടിൽ കൂടിവരുന്ന കാര്യം വേറൊരു കത്തിൽ അറിയിച്ചു. അത് അങ്ങനെ തന്നെ ഗൾഫിൽ ഒരു സഹോദരന് അയച്ചു കൊടുത്തു. ഗ്രാമത്തിൽ ഹോൾ പണിയുന്നതിന് ആ സഹോദരൻ മൂന്നു ലക്ഷത്തിലധികം രൂപ അയച്ചു. മാൻപൂർ എന്ന ഗ്രാമത്തിൽ അങ്ങനെ നല്ല ഒരു ഹോൾ പണിതു. അതിന്റെ സ്തോത്രശുശ്രൂഷയ്ക്ക് ഞാനും എന്റെ മരുമകൻ പ്രസാദുമൊരുമിച്ച് 2008 സെപ്റ്റംബർ മാസത്തിൽ കട്നിയിൽ പോയി ചില ദിവസങ്ങൾ ബാബുവുമൊരുമിച്ച് താമസിക്കുവാനും അവിടുത്തെ പ്രവർത്തനങ്ങൾ നേരിൽ കാണുവാനും കർത്താവിനെ മഹത്വപ്പെടുത്തുവാനും ഇടയായി. മാൻപൂർ ഗ്രാമത്തിലേക്ക് കട്നിയിൽ നിന്നും നൂറോളം കിലോമീറ്റർ ദൂരമുണ്ട്. കട്നിയിൽ നിന്നും 10 കിലോമീറ്റർ അകലെ പ്രേംനഗർ ഗ്രാമത്തിലും ഒരു ചെറിയ സഭയും ഹോളുമുണ്ട്. അറ്റ്ലാന്റ സഭ (U.S.A.)യാണ് ആ സഭാഹോളിന് സാമ്പത്തിക സഹായം ചെയ്തത്. അത്യുത്സാഹിയായി കർത്താവിനു വേണ്ടി അത്യധ്വാനം ചെയ്തയാളാണ് ബാബു. 55 വയസ്സോളം മാത്രം പ്രായമുള്ള സഹോദരനെ ജനുവരി 29-ന് കർത്താവ് തന്റെ സന്നിധാനത്തിലേക്കു വിളിച്ചു ചേർത്തു. അത് കർത്താവിന്റെ ഇഷ്ടം. God buries His workmen, but carries on His work എന്നു പറയാറുണ്ട്. ദൈവം തന്റെ പ്രവർത്തകരെ സംസ്കരിക്കുമെങ്കിലും തന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നു.

കട്നിയിലെ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാൻ കർത്താവു ചിലരെ എഴുന്നേല്പിക്കേണ്ടതിനു പ്രാർത്ഥിക്കാം. ബാബുവിന് നല്ല ഒരു സഹായിയായി ഭാര്യ ലിജിയുണ്ടായിരുന്നു. ഒരു മകളും മകനുമുള്ളത് വിദ്യാർത്ഥികളാണ്. ലിജിയും മക്കളും കട്നി സഭയും നമ്മുടെ പ്രത്യേക പ്രാർത്ഥന അർഹിക്കുന്നു. കർത്താവിന്റെ നാമം മഹത്വപ്പെടുമാറാകട്ടെ. ●


---

ഗോത്രങ്ങൾ തേടി..... 20

# പർവ്വതവാസികളായ നൊയിരികൾ




| | | |
|---|---|---|
| ജനസംഖ്യ | : | 1 ലക്ഷം |
| സാക്ഷരത | : | 1% |
| ദൈവവചന ലഭ്യത | : | ബൈബിൾ വിവർത്തനം നടക്കുന്നില്ല |



ഭീലുകൾ ഇന്ത്യയിൽ എണ്ണത്തിൽ രണ്ടാം സ്ഥാനത്തു വരുന്ന ആദിവാസി വിഭാഗമാണ്. പശ്ചിമ ഭാരതത്തിൽ രാജസ്ഥാന്റെ തെക്കു ഭാഗം മധ്യപ്രദേശിന്റെ പടിഞ്ഞാറു ഭാഗം, മഹാരാഷ്ട്രയുടെ വടക്കുഭാഗം, ഗുജറാത്തിന്റെ കിഴക്കുഭാഗം എന്നിവ ഉൾക്കൊള്ളുന്നതാണ് ഇവരുടെ ദേശം. അനവധി ഉപവിഭാഗങ്ങൾ ഉൾക്കൊള്ളുന്നതാണ് ഭീൽ. അതിൽ ഒരു വിഭാഗമാണ് നൊയിരാ. അവരുടെ ഭാഷ നൊയിരിയും. മധ്യപ്രദേശിന്റെ തെക്കുപടിഞ്ഞാറും മഹാരാഷ്ട്രയുടെ വടക്കുകിഴക്കുമായി മനോഹരമായ വനങ്ങളാൽ അലംകൃതമായ പർവ്വത പ്രദേശത്താണ് നൊയിരികൾ പ്രധാനമായും കാണപ്പെടുന്നത്.

കൃഷിക്കാരായ ഇവർ തങ്ങളുടെ വീടുകൾ വിസ്തൃതമായ സ്വന്തം കൃഷിഭൂമിയുടെ മധ്യഭാഗത്തായി നിർമ്മിക്കുന്നു. അതിനാൽ സ്വാഭാവികമായും വീടുകൾ തമ്മിൽ നല്ല അകലമാണ്. തൻനിമിത്തം അയൽ വഴക്കുകളും അതു നിമിത്തമുള്ള അസ്വസ്ഥതയും താരതമ്യേന കുറവാണ്. സാമൂഹികമായും ശാന്തമായ അന്തരീക്ഷമാണുള്ളത്. പക്ഷേ ഇവിടെ യാത്രാ സൗകര്യങ്ങൾ തുലോം പരിമിതമാണ്.

ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയാണ് ഭീലുകൾ നേരിടുന്ന ഒരു അടിയന്തിര പ്രശ്നം. ഗ്രാമീണ ആരോഗ്യ കേന്ദ്രത്തിനു മുന്നിൽ ചികിത്സ തേടി കൈക്കുഞ്ഞുങ്ങളുമായി മണിക്കൂറുകളോളം കാത്ത് നിൽക്കുന്ന മാതാക്കളും വാഹനാപകടങ്ങളിൽപെട്ട് മുറിവേറ്റ് ചികിത്സാ സാധ്യതയില്ലാതെ കുഴയുന്ന ആളുകളും ഇവിടെ സാധാരണ കാഴ്ചയാണ്. ചെറുപ്പം മുതൽ നൊയിരി ഭാഷ സംസാരിച്ചു വളരുന്ന ഇവരുടെ കുട്ടികൾ സ്കൂളിൽ അവർക്ക് മനസ്സിലാകാത്ത സംസ്ഥാന ഭാഷയിൽ പഠിക്കേണ്ടി വരുന്നുവെന്നതാണ് മറ്റൊരു പ്രധാന പ്രശ്നം. നൊയിരികുട്ടികൾക്ക് അവരുടെ മാതൃഭാഷയിൽ പഠനം തുടങ്ങുവാൻ സാവകാശം ലഭിച്ചിരുന്നുവെങ്കിൽ അവർക്ക് പഠനം രസകരമാകുകയും തുടർന്നു പഠിച്ച് ഉന്നത നിലവാരത്തിൽ എത്താനും കഴിയുമായിരുന്നു. എന്നാൽ ഇപ്പോൾ കുട്ടികൾ കൂട്ടത്തോടെ പഠനം ഉപേക്ഷിച്ചു പോകുകയാണ് ചെയ്യുന്നത്.

ഭീലുകളെ സുവിശേഷീകരിക്കുവാനുള്ള പരിശ്രമങ്ങൾ കഴിഞ്ഞ നൂറ്റാണ്ടിലെ തുടങ്ങിയതാണ്. എന്നിട്ടും ഇവിടെ ക്രിസ്ത്യാനികൾ 0.5% ആണെന്നുള്ളത് ഒരു ദുഃഖ സത്യം മാത്രം. വിദ്യാഭ്യാസം നേടിയ പല ഭീൽ ക്രിസ്ത്യാനികളും മഹാരാഷ്ട്രയിൽ സർക്കാർ ഉദ്യോഗസ്ഥരായിട്ടുണ്ടെന്നിരുന്നാൽത്തന്നെയും ക്രിസ്ത്യാനിത്വത്തിനെതിരായുള്ള എതിർപ്പും ഇവിടെ ശക്തമാണ്.

ഭീലുകളുടെ ഭാഷകളിൽ 9 എണ്ണത്തിൽ ബൈബിൾ പരിഭാഷാശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. നൊയിരി അക്കൂട്ടത്തിൽപെടുന്നില്ല. നൊയിരി ഭാഷയിൽ ദൈവവചനം ഉണ്ടായിരുന്നെങ്കിൽ അല്പജനമായ നൊയിരി ക്രിസ്ത്യാനികളെ അതു വിശ്വാസത്തിൽ ബലപ്പെടുത്തി സ്വന്ത ജനത്തിനിടയിൽ പ്രവർത്തനത്തിനു സജ്ജരാക്കിയേനെ. ●

> **നൊയിരി ഭാഷയിൽ ദൈവവചനം ലഭ്യമായിരുന്നുവെങ്കിൽ അത് ഇവരെ വിശ്വാസത്തിൽ ബലപ്പെടുത്തി സ്വന്ത ജനത്തെ നേടാൻ സജ്ജരാക്കിയേനെ.**



### പ്രാർത്ഥനയ്ക്കായി...

- ഉൾപ്രദേശങ്ങളിൽ പാർക്കുന്ന നൊയിരികൾക്ക് അടിസ്ഥാന ജീവനോപാധികളും സൗകര്യങ്ങളും ലഭ്യമാകേണ്ടതിന്....
- ക്രിസ്തീയ ഡോക്ടർമാരും അധ്യാപകരും സുവിശേഷകന്മാരും ബൈബിൾ വിവർത്തകരും നൊയിരികളുടെ ദേശത്തേക്കു പോകുവാൻ...
- നൊയിര ക്രിസ്ത്യാനികൾ വിശ്വാസത്തിൽ ഉറച്ചു നിന്ന് സ്വന്ത ജനത്തെ നേടുന്നതിനു തുണ നിൽക്കുവാൻ...
- നൊയിര കുട്ടികൾക്ക് മാതൃഭാഷയിൽ പഠനം നടത്തുവാൻ സാഹചര്യം ഉണ്ടാകേണ്ടതിന്...

ഇ.ജെ.പി.

(കടപ്പാട്: എൻ.എൽ.സി.ഐ.)

# വിശ്വാസികളായ നാം ക്രിസ്തുവിന്റെ പത്രങ്ങൾ

ജോർജ്ജ് സി. വർഗീസ്, തിരുവനന്തപുരം

"ഞങ്ങളുടെ ശുശ്രൂഷയാൽ ഉണ്ടായ ക്രിസ്തുവിൻ പത്രമായി നിങ്ങൾ വെളിപ്പെടുന്നുവല്ലോ. അതു മഷികൊണ്ടല്ല, ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ അത്രേ. കല്പലകയിൽ അല്ല, ഹൃദയമെന്ന മാംസപലകയിൽ തന്നെ എഴുതിയിരിക്കുന്നത് (2 കൊരി. 3:8). ക്രിസ്തുവിൽ ഞങ്ങളെ എപ്പോഴും ജയോത്സവമായി നടത്തുകയും എല്ലായിടത്തും ഞങ്ങളെക്കൊണ്ട് തന്റെ പരിജ്ഞാനത്തിന്റെ വാസന വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിന് സ്തോത്രം. രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും ഞങ്ങൾ ക്രിസ്തുവിന്റെ സൗരഭ്യവാസനയാകുന്നു." (2 കൊരി. 2: 14–15).

വിശ്വാസികളായ നാം ആയിരിക്കുന്ന സമൂഹത്തിൽ ഇന്ന് പത്രമാസികകൾക്ക് യാതൊരു ക്ഷാമവുമില്ല. ഓരോ പത്രങ്ങളും സമൂഹത്തിലുള്ള രാഷ്ട്രീയ ചിന്താഗതികളേയും, സമൂഹത്തിന്റെ ചായ്‌വിനേയും, ചലനങ്ങളേയും പ്രതിഫലിപ്പിക്കുന്നു. നാം അതനുസരിച്ചുള്ള പത്രങ്ങൾ തിരഞ്ഞെടുക്കുന്നു. ഇന്ന് ക്രിസ്തീയ ഗോളത്തിൽ, ബ്രദറുകാരുടെ ഇടയിൽ ചെറിയ "സ്നേഹിതൻ" പത്രിക മുതൽ ഏറ്റവും പഴക്കമുള്ള 'സുവിശേഷകൻ മാസിക' ഉൾപ്പെടെ ഏകദേശം 20 ലധികം ആത്മീയ പ്രസിദ്ധീകരണങ്ങൾ ഉണ്ട്. ഏതാണ് തെരെഞ്ഞെടുത്ത് വായിക്കേണ്ടത് എന്ന ചിന്താഗതി നില നിൽക്കുന്നു. അപ്പോൾ തന്നെ ചിലത് ആത്മീയ വർദ്ധനയ്ക്ക് വേണ്ടി ഉതകുന്ന പ്രസിദ്ധീകരണങ്ങളായി നിലനിൽക്കുമ്പോൾ, മറ്റു ചിലത് ചില പ്രത്യേക ഉദ്ദേശങ്ങളോടു കൂടിയാണ്. എന്നാൽ ഏതു പ്രസിദ്ധീകരണത്തിലും കൂടെ ഉണ്ടാകേണ്ടത്, "എനിക്ക് കർത്താവിനെ സ്നേഹിച്ചതും സ്നേഹിച്ചതും പോരാ, എനിക്ക് വിശുദ്ധനായതും വിശുദ്ധനായതും പോരാ, ഇനിയും വിശുദ്ധീകരണം പ്രാപിക്കാനുണ്ട് എന്ന ചിന്താഗതി വായനക്കാരിൽ, വിശ്വാസികളിൽ ഉണർത്തുക എന്നതായിരിക്കട്ടെ. അങ്ങനെ 'യഥാർത്ഥ വേർപാടുകാരായി' ജീവിക്കാനായിട്ടുള്ള പോഷണം നൽകുക എന്നതായിരിക്കട്ടെ. "വേർപാട്" വേദാനുസരണമായ ഒരു ഉപദേശമാണ്. വേർപാടിൽ രണ്ടു വശമുണ്ട്. ഒന്ന് എന്തിൽ നിന്ന് വേർപെടുന്നു? രണ്ട് ഏതിലേക്ക് വേർപെടുന്നു? ദൈവഹിതമല്ലാത്ത സകലത്തിൽനിന്നും, ദൈവഹിതമായ സകലത്തിലേക്കും വേർപെട്ടു വരിക. അതാണ് വേദാനുസരണമായ വേർപാട്. ഈ ഉദ്ദേശലക്ഷ്യത്തിനായി മാത്രം പ്രവർത്തിക്കാനായി നമുക്കുത്സാഹിക്കാം. അതായിരിക്കട്ടെ നമ്മുടെ പ്രസിദ്ധീകരണങ്ങളുടെ ലക്ഷ്യം.

മുകളിൽ കാണിച്ചിരിക്കുന്ന ക്രിസ്തുവിൻ പത്രത്തിലേക്ക് പ്രിയ സഹോദരങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചു കൊള്ളുന്നു. ജീവനുള്ള ദൈവത്തിന്റെ ആത്മാവിലാണ് ഈ പത്രം അച്ചടിച്ചിരിക്കുന്നത്, കല്ലിന്റെ പലകയിലോ, കടലാസ് കഷണത്തിലോ അല്ല ഈ പത്രം അച്ചടിച്ചിരിക്കുന്നത്. ഹൃദയമെന്ന മാംസ പലകയിലാണ്. ഏതാണ് ഈ പത്രം? ഞാനും നിങ്ങളും. നമ്മുടെ ഹൃദയമാണ് ക്രിസ്തുവിന്റെ പത്രം. ഹൃദയം നിറഞ്ഞുകവിയുന്നതല്ലോ വായ് സംസാരിക്കുന്നത്. ക്രിസ്തുവിന്റെ ന്യൂസ് വായിക്കാൻ എന്റെ ഹൃദയം കാണണം, എന്റെ ജീവിതം കാണണം. എന്റെ സ്വഭാവവും സംസാരവും കണ്ടു വേണം ക്രിസ്തു ആരാണെന്ന് അറിയേണ്ടത്. ക്രിസ്തുവിന്റെ സ്വഭാവമറിയാൻ, ക്രിസ്തുവിന്റെ വിശേഷങ്ങളറിയാൻ, ക്രിസ്തുവിന്റെ സദ്വർത്തമാനങ്ങളറിയാൻ, ദൈവപൈതലിന്റെ ഹൃദയത്തെ വായിക്കണം. നാം ആയിരിക്കുന്ന സഭയിൽ, ചുറ്റുപാടിൽ, സുവിശേഷ വയലിൽ സുവിശേഷകന്മാരുടെ മധ്യത്തിൽ എന്താണ് മറ്റുള്ളവർ വായിച്ചറിയുന്നത് എന്ന് ചിന്തിക്കേണ്ടതാണ്. ഹൃദയത്തിൽ വന്ന മാറ്റം മറ്റുള്ളവർ ശ്രദ്ധിക്കുന്നുണ്ട്. അവിടെ ക്രിസ്തുവിനെ വരച്ചു വെച്ചിരിക്കുന്നു. ഇതുവരെ കോപം വരച്ചുവച്ചിരുന്ന ഹൃദയം, ഇതുവരെ പാപം എഴുതിവെച്ചിരുന്ന ഹൃദയം, തിന്മയും ദുഷ്ടതയും എഴുതിവെച്ചിരുന്ന ഹൃദയം, ആ ഹൃദയത്തിൽ വലിയ മാറ്റം വന്നിരിക്കുന്നു. ഇതുവരെ വൈരാഗ്യവും, പകയും, മുഷിച്ചിലും, ഇഷ്ടക്കുറവും, വിദ്വേഷവും വരച്ചു വച്ചിരുന്ന ഹൃദയത്തിന് പരിവർത്തനം വന്നിരിക്കുന്നു. ഇതുവരെ അശുദ്ധ ചിന്തകളും മലിനമോഹങ്ങളും ജഡിക ഉല്ലാസങ്ങളുടെ അമിത ആവേശങ്ങളും, വേലിയേറ്റങ്ങളും നിറഞ്ഞ് എഴുതപ്പെട്ടിരുന്നതായ ഹൃദയം. ക്രിസ്തുവിന്റെ രക്തത്താൽ മായിച്ച് പാപങ്ങൾ തൂത്തു കളഞ്ഞിട്ട് അവിടെ ക്രിസ്തുവിന്റെ ഛായ വരച്ചുവെച്ചിരിക്കയാണ്. ആ ഹൃദയത്തിൽ ഇപ്പോൾ എവിടെ വായിച്ചാലും, ഏത് പേജ് നോക്കിയാലും ഒന്നേ കാണുകയുള്ളൂ. ക്രിസ്തുവിന്റെ പാത്രമായി കഴിഞ്ഞു അത്. ക്രിസ്തുവിന്റെ മുഖപത്രമായി അത്. അവിടെ മഷികൊണ്ടല്ല, ക്രിസ്തുവിന്റെ ആത്മാവിനാലത്രേ എഴുതിയിരിക്കുന്നത്. അത് ഹൃദയമെന്ന മാംസ പലകയിൽ തന്നെ എഴുതിയിരിക്കുന്നു.

അപ്പൊസ്തലനായ പൗലോസ് ഈ കാര്യം കൊരിന്ത്യ വിശ്വാസികളെ ഓർപ്പിച്ചെഴുതുമ്പോൾ, പൗലോസിന്റെ ശത്രുക്കൾ ഉപയോഗിച്ച ശ്ലാഘ്യ പത്രങ്ങൾ എഴുതിയത് മഷികൊണ്ടായിരുന്നു. പൗലോസിന്റെ പത്രം എഴുതിയത് ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ ആയിരുന്നതിനാൽ അത് ദൈവികവും ആയിരുന്നു. മഷി നിശ്ചയമായും മാഞ്ഞുപോകുന്നതും, തുടച്ചുമാറ്റാൻ കഴിയുന്നതും നാശോൻമുഖവുമാണ്. എന്നാൽ ദൈവാത്മാവ് മനുഷ്യഹൃദയങ്ങളിൽ എഴുതുമ്പോൾ അത് എന്നേക്കുമാണ്. കൊരിന്ത് സന്ദർശിക്കുന്ന ആളുകൾ ചന്ത സ്ഥലത്തിന്റെ മധ്യത്തിലുള്ള ഉന്നതമായ സ്മാരകത്തിൽ ക്രിസ്തുവിന്റെ പത്രം മുദ്രണം ചെയ്തരിക്കുന്നത് കണ്ടില്ല. പിന്നെയോ, അവിടെയുള്ള ക്രിസ്ത്യാനികളുടെ ഹൃദയങ്ങളിലും ജീവിതങ്ങളിലും പത്രം എഴുതിയിരിക്കുന്നതായി കണ്ടു (വില്യം മാക്ഡൊണാൾഡ്). ന്യായപ്രമാണം നിശ്ചയമായും സീനായി പർവ്വതത്തിൽ വച്ച് കല്പലകകളിലാണ് എഴുതപ്പെട്ടിരുന്നതെങ്കിൽ, ഇന്ന് സുവിശേഷത്തിന്റെ കീഴിൽ, ദൈവം മനുഷ്യഹൃദയങ്ങളിൽ എഴുതുന്നത് കൃപയേയും സ്നേഹത്തിന്റെയും സന്ദേശത്തിലൂടെയാണ്. പ്രിയരേ, നാം ക്രിസ്തുവിൻ പത്രങ്ങളോ, അതോ പിശാചിന്റെ പത്രങ്ങളോ? മറ്റുള്ളവർ എന്താണ് നമ്മുടെ ജീവിതങ്ങളിലൂടെ നാം ഉൾപ്പെട്ടു നിൽക്കുന്ന സഭയിലൂടെ വായിച്ചറിയുന്നത്? നാം സഭയിൽ ഭിന്നത ഉണ്ടാക്കുന്നവരോ, അതോ സമാധാനത്തിന്റെ വക്താക്കളോ?

ചില ക്രിസതുവിൻ പത്രങ്ങളുടെ ഒന്നുരണ്ട് "ന്യൂസ് ഐറ്റം" നമുക്ക് ഒന്നു വായിക്കാം. "അവൾ തന്റെ ഭർത്താവിനോട് നമ്മുടെ വഴിയായി കൂടെ കൂടെ കടന്നു പോകുന്ന ഇയാൾ വിശുദ്ധനായ ഒരു ദൈവപുരുഷൻ എന്നു ഞാൻ കാണുന്നു." (2 രാജ. 4:9) എലിശായെപ്പറ്റി ശൂനേംകാരത്തി പറയുന്ന വാക്കുകളാണല്ലോ ഇത്. എത്ര നല്ല സാക്ഷ്യം? നമ്മെപ്പറ്റി, അയൽക്കാർ, സഭക്കാർ, മറ്റുള്ളവർ എങ്ങനെയാണ് വീക്ഷിക്കുന്നത്. ഓരോരുത്തരും തന്നോടുതന്നെ ഈ ചോദ്യം ചോദിക്കുക. പലരേപ്പറ്റിയും ദുഃഖിപ്പിക്കുന്ന വാർത്തയായിരിക്കും ദൈവാത്മാവിന് പറയാനുള്ളത്.

മറ്റൊരു ന്യൂസ് ഐറ്റത്തിലേക്കു തിരിയാം: "ആ കാലത്ത് ജാതികളുടെ സകല ഭാഷകളിൽ നിന്ന് 10 പേർ ഒരു യഹൂദന്റെ വസ്ത്രാഗ്രം പിടിച്ചു "ദൈവം നിങ്ങളോടു കൂടെ ഉണ്ടെന്ന് ഞങ്ങൾ കേട്ടിരിക്കയാൽ ഞങ്ങൾ നിങ്ങളോട് കൂടെ പോകുന്നു എന്നു പറയും" (സെഖ. 8:23). എത്രമനോഹരമായ ഒരു സാക്ഷ്യം! ദൈവം നിങ്ങളോടു കൂടെയുണ്ടെന്ന് ഞങ്ങൾ കേട്ടിരിക്കുന്നു! അതിനാൽ ഞങ്ങൾ നിങ്ങളോടു കൂടെ പോരുന്നു! ഈ കേഴ്വി നമ്മെപ്പറ്റിയോ, നമ്മുടെ സ്ഥലംസഭയെപ്പറ്റിയോ ഉണ്ടോ? ഞങ്ങൾ നിങ്ങളെ വിട്ടു പോകയാണ് എന്നാണ് പല സ്ഥലത്തുനിന്നും കേൾക്കുന്നത്. അത് അനുഭവത്തിൽ എത്രയോ വാസ്തവമാണു താനും! പ്രിയരേ, ദൈവം നമ്മോടു കൂടെയുണ്ടെന്ന് മറ്റുള്ളവർക്ക് പറയാൻ സാധിക്കുന്നുണ്ടോ?




**ജീവനുള്ള ദൈവത്തിന്റെ ആത്മാവിലാണ് ഈ പത്രം അച്ചടിച്ചിരിക്കുന്നത്, കല്ലിന്റെ പലകയിലോ, കടലാസ് കഷണത്തിലോ അല്ല ഈ പത്രം അച്ചടിച്ചിരിക്കുന്നത്. ഹൃദയമെന്ന മാംസ പലകയിലാണ്.**

ഒരു "റിപ്പോർട്ടു"കൂടി നമുക്ക് നോക്കാം. 3 യോഹ. 3 "സഹോദരന്മാർ വന്ന്, നീ സത്യത്തിൽ നടക്കുന്നു എന്ന് നിന്റെ സത്യത്തിന് സാക്ഷ്യം പറകയാൽ ഞാൻ അത്യന്തം സന്തോഷിച്ചു. എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്നു കേൾക്കുന്നതിനേക്കാൾ വലിയ സന്തോഷം എനിക്കില്ല.'' ഇത് കർത്താവിന്റെ മാറോട് ചേർന്നിരുന്ന്, തന്റെ ഹൃദയത്തിന്റെ സ്പന്ദനവും ചൂടും അനുഭവിച്ചറിഞ്ഞ കർത്താവിന്റെ പ്രിയ ശിഷ്യൻ ഗായോസിനെപ്പറ്റി എഴുതുന്നതാണ്. നാമും നമ്മുടെ മക്കളും സത്യത്തിൽ നടക്കയും സത്യത്തിന് സാക്ഷ്യം പറയുന്നവരുമായി ജീവിക്കുന്നു എന്നു മറ്റുള്ളവരും, ദൈവത്തിന്റെ മക്കളും ദൈവാത്മാവും പറയാൻ ഇടയാകട്ടെ.

ഇനിയും ചീത്തയായി സഭയെ ഭരിച്ചൊരു മനുഷ്യനെപ്പറ്റിയുള്ള വിശദാംശങ്ങൾ 3 യോഹന്നാൻ 9–ൽ കാണുന്നു –ദിയോത്രേഫോസ്. 9–10 വാക്യങ്ങളിൽ ദിയോത്രേഫോസിന്റെ ചില പ്രത്യേകതകൾ ഇങ്ങനെ ക്രോഡീകരിക്കാം. 1. പ്രധാനി ആകുവാൻ ആഗ്രഹിക്കുന്നവൻ. 2. അപ്പൊസ്തലന്മാരെ കൂട്ടാക്കാത്തവൻ. 3. നേതൃത്വത്തെ ദുർവാക്കു പറഞ്ഞ് ശകാരിക്കുന്നവൻ. 4. സഹോദരന്മാരെ കൈക്കൊള്ളാത്തവൻ 5. അതിന് മനസ്സുള്ളവരെ വിരോധിക്കുന്നവൻ 6. അങ്ങനെയുള്ളവരെ സഭയിൽ നിന്ന് പുറത്താക്കുന്നവൻ. ഇന്നത്തെ സഭാനേതൃത്വത്തിലിരിക്കുന്നവർ ഈ കാര്യങ്ങൾ തീർച്ചയായും ശോധനചെയ്യേണ്ടതായിട്ടുള്ള ഒരു പത്രക്കുറിപ്പാണിത്. നാം ദൈവത്തിന്റെ സഭയാം ദേവാലയത്തിൽ എങ്ങനെ നടക്കണം എന്നു ദൈവാത്മാവ് രേഖപ്പെടുത്തിത്തന്നിട്ടുള്ള വ്യവസ്ഥ പ്രകാരമാണോ നടക്കുന്നത്? നാം സഭയെ പണിയുകയാണോ അതോ ഇടിച്ചു കളയുകയാണോ ചെയ്യുന്നത്? "പ്രിയനേ നന്മയല്ലാതെ തിന്മ അനുകരിക്കരുത്. നന്മ ചെയ്യുന്നവൻ ദൈവത്തിൽ നിന്നുള്ളവൻ ആകുന്നു'' (വാക്യം. 11)

**കർത്താവ് നമ്മിൽ നിന്നും അനുസരണം ആവശ്യപ്പെടുന്നു.**

"നിങ്ങൾ എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കയും ഞാൻ പറയുന്നത് ചെയ്യാതിരിക്കുകയും ചെയ്യുന്നതെന്ത്? (ലൂക്കോ. 6:46). കർത്താവ് എന്ന പദത്തിന്റെ അർത്ഥം യജമാനൻ– കർത്തൃത്വമുള്ളവൻ എന്നാണ്. അതായത് നാം അവന്റെ വകയാണ്. നമ്മുടെ ജീവിതത്തിനു മേൽ അവന് കർത്തൃത്വം ഉണ്ട്; പൂർണ്ണ അധികരമുണ്ട്. അവൻ എന്തു പറഞ്ഞാലും അതു ചെയ്യുവാൻ നാം ബാധ്യസ്ഥരാണ്. അവനെ കർത്താവ് എന്ന് വിളിക്കയും അവനെ അനുസരിക്കാതിരിക്കയും ചെയ്യുന്നത് വിരോധാഭാസമാണ്. അവന്റെ കർത്തൃത്വത്തെ നാം അംഗീകരിക്കുന്നതു മാത്രം പോരാ. യഥാർത്ഥസ്നേഹവും, വിശ്വാസവും അനുസരണാധിഷ്ഠിതമാണ്. അവൻ പറയുന്നത് നാം ചെയ്യുന്നില്ല എങ്കിൽ നാം വാസ്തവത്തിൽ അവനെ സ്നേഹിക്കയോ വിശ്വസിക്കയോ ചെയ്യുന്നില്ല (വില്യം മാക്ഡോണാൾഡ്). "എന്നോട് കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്" (മത്താ. 7:21).

"നിങ്ങൾ എന്നെ 'വഴി' എന്നു വിളിക്കുന്നു എന്നിൽ നടക്കുന്നില്ല. നിങ്ങൾ എന്നെ 'ജീവൻ' എന്നു വിളിക്കുന്നു, എന്നിൽ ജീവിക്കുന്നില്ല. നിങ്ങൾ എന്നെ 'യജമാനൻ' എന്നു വിളിക്കുന്നു, എന്നെ അനുസരിക്കുന്നില്ല, ഞാൻ നിങ്ങൾക്ക് ശിക്ഷ വിധിക്കുന്നു എങ്കിൽ ശകാരിക്കരുത്. നിങ്ങൾ എന്നെ 'അപ്പം' എന്നു വിളിക്കുന്നു, എന്നെ ഭക്ഷിക്കുന്നില്ല. നിങ്ങൾ എന്നെ സത്യം എന്നു വിളിക്കുന്നു, എന്നെ വിശ്വസിക്കുന്നില്ല. നിങ്ങൾ എന്നെ കർത്താവ് എന്നു വിളിക്കുന്നു, എന്നെ സേവിക്കുന്നില്ല. ഞാൻ നിങ്ങൾക്ക് ശിക്ഷ വിധിക്കുന്നു എങ്കിൽ എന്നെ ശകാരിക്കരുത്" (ജെഫ്രി ഹാരാ).

നമ്മുടെ ജീവിതങ്ങളിൽ കൂടെ കർത്താവിനെ മറ്റുള്ളവർ വായിച്ചറിയാൻ ഇടയാകട്ടെ. ദൈവവചനം മാത്രമായിരിക്കട്ടെ നമ്മുടെ ജീവിതങ്ങളുടെ 'മാനുവൽ'. വേദപുസ്തകത്തിന്റെ ആളുകൾ (People of the Book) എന്നു മറ്റുള്ളവർ നമ്മെപ്പറ്റി തുടർന്നും സാക്ഷീകരിക്കട്ടെ. രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും നാം 'ക്രിസ്തുവിന്റെ സൗരഭ്യവാസന' എന്ന് മറ്റുള്ളർ നമ്മെപ്പറ്റി സാക്ഷിക്കട്ടെ.

പ്രാർത്ഥിക്കുക.... ഒരുങ്ങുക....
**വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ് 2012 ഓഗസ്റ്റ് 27 മുതൽ 31 വരെ**
**പെനിയേൽ ബൈബിൾ സെമിനാരി കീഴില്ലം, മൂവാറ്റുപുഴ**

## എസ്.ബി.എസ്സിന് പുതിയ ഭാരവാഹികൾ

**പത്തനംതിട്ട:** ബ്രദർ ഏബ്രഹാം തോമസ് കൊച്ചി പ്രസിഡന്റായും ബിനു ശാമുവേൽ പത്തനംതിട്ട ജനറൽ സെക്രട്ടറിയായും എസ്.ബി.എസ്സിന് പുതിയ ഭാരവാഹികൾ ചുമതലയേറ്റു. ഏബ്രഹാം തോമസ് പുല്ലാട്, എം.സി. ജോർജ്ജ് തൃശ്ശൂർ, ജോർജ്ജ് പീറ്റർ ചിറ്റൂർ എന്നിവർ പ്രസിഡന്റുമാരായും ഗോഡ്സൺ വാലായിൽ വയനാട്, ജോൺ വർഗീസ് കൊട്ടാരക്കര, സുന്ദർദാസ് തിരുവനന്തപുരം എന്നിവർ ജോയിന്റ് സെക്രട്ടറിമാരായും പ്രവർത്തിക്കും. ബ്രദർ സി.എം. ചാക്കോ വെണ്ണിക്കുളം പ്രയർ കോർഡിനേറ്ററായി തുടരും. സുവിശേഷകൻ ബാലസംഘത്തിന്റെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിച്ചാലും.

*ജനറൽ സെക്രട്ടറി*

## എസ്.ബി.എസ്. ടീൻസ് ക്യാമ്പ് 2012

**പുത്തൻകാവ്:** സുവിശേഷകൻ ബാലസംഘത്തിന്റെ ചുമതലയിൽ 9,10,11,12 ക്ലാസ്സുകളിൽ മാർച്ചിൽ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് വേണ്ടിയുള്ള ടീൻസ് ക്യാമ്പ് 2012 ഏപ്രിൽ 2 തിങ്കൾ വൈകിട്ട് 4 മണി മുതൽ 7 ശനി രാവിലെ 8 മണിവരെ പുത്തൻകാവ് എസ്.ബി.എസ്. ക്യാമ്പ് സെന്ററിൽ വച്ച് നടക്കുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സെന്റർ സെക്രട്ടറിമാർ മുഖേനയോ, നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 300 പേർക്കാണ് ക്യാമ്പിൽ പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക്: ഫോൺ: 9544374527. ഇ.മെയിൽ- binu-samuell-@-gmail.com

ബിനു ശാമുവേൽ,
ജനറൽ സെക്രട്ടറി


## പാലക്കാട് ജില്ലയിൽ പുതിയ കൂടിവരവ്

**പെരുമ്പടവ്:** ഈ സഭയിൽ നിന്നും സുവിശേഷവേലയ്ക്ക് വേർതിരിഞ്ഞ സഹോദരൻ വി.സി. തോമസിനെയും കുടുംബത്തെയും 2011 മെയ് മാസം 29-ാം തീയതി പാലക്കാട് ജില്ലയിൽ മുട്ടിക്കുളങ്ങര, മുണ്ടൂർ എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചു കൊണ്ട് പ്രവർത്തിക്കുവാൻ സഭ പ്രാർത്ഥിച്ച് അയയ്ക്കുകയുണ്ടായി. കഴിഞ്ഞ ആറു മാസമായി സഹോദരനും കുടുംബവും അയൽസഭകളും ദൈവദാസന്മാരുമായി സഹകരിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി ചില അക്രൈസ്തവ കുടുംബങ്ങൾ രക്ഷിക്കപ്പെടുവാൻ ഇടയായി. 2012 ജനുവരി 14-ാം തീയതി പാലക്കാട് ക്രിസ്ത്യൻ ബ്രദറൺ സഭയുടെ സഹകരണത്തിലും പാലക്കാട് ജില്ലയിലെ സഭകളുടെയും ദൈവദാസന്മാരുടെയും സാന്നിധ്യത്തിലും ഏഴു പേരുടെ സ്നാനശുശ്രൂഷ ബ്രദർ ശാമുവൻ പി. അബ്രഹാം നിർവ്വഹിക്കുകയുണ്ടായി. 2012 ജനുവരി 15-ന് മുണ്ടൂരിൽ പുതിയ സഭാ കൂടിവരവ് ആരംഭിക്കുവാൻ ദൈവം കൃപ ചെയ്തു. ഇവിടെ പ്രവർത്തിക്കുന്ന ദൈവദാസനെയും മുണ്ടൂർ സഭയെയും ഞങ്ങൾ ദൈവജനത്തിന്റെ മുമ്പാകെ പരിചയപ്പെടുത്തുന്നു. സഹോദരൻ വി.സി. തോമസും കുടുംബവും ഇവിടെ ചെയ്യുന്ന പ്രവർത്തനങ്ങളെയും മുണ്ടൂർ സഭയെയും ദൈവജനം പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

മുണ്ടൂർ സഭയുടെയും സഹോദരന്റെയും വിലാസം: MUNDUR BRETHREN CHURCH Evg. V.C. Thomas, Vadakkemuriyil (H), Labour School, Ezhakkad P.O., Palakkad - 678 631
Mob; 9446686997

*ജോസ് പ്ലാത്തോട്ടത്തിൽ*

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും



**സിരിസ്ഗുഡ:** ദൈവകൃപയാൽ 27-12-2011 മുതൽ 01-01-2012 വരെ വിശേഷാൽ യോഗങ്ങൾ നടക്കുവാൻ ഇടയായി. യോഗങ്ങളിൽ സുവി. സ്റ്റാൻലി കെ. സാം സെക്കന്തരബാദ്, ഡോ. സ്റ്റാൻലി ജോൺ ജഗ്ദൽ പൂർ, പോൾ മാത്യു, ജീസസ്സ് ജോൺ എന്നിവർ പ്രത്യേക ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. 250-ൽ അധികം പേർ യോഗങ്ങളിൽ സംബന്ധിച്ചു. ജനുവരി 1- ന് രാവിലെ 19 പേരുടെ സ്നാനം നടക്കുവാൻ ഇടയായി. കൂടാതെ 14 പേർ കർത്താവിനെ രക്ഷകനായി സ്വീകരിച്ചു ഏറ്റു പറയുകയുണ്ടായി. മൊത്തത്തിൽ ആത്മീയമായ ഉണർവ്വിനു കാരണമായി.

സുവി. ഇ.പി. ജോസ് കിഡ്നി സംബന്ധമായ രോഗങ്ങളാൽ ഭാരപ്പെട്ടുവരികയായിരുന്നു. ഒരു മാസത്തോളം വെല്ലൂരിലെ ചികിത്സക്കു ശേഷം കിഡ്നി സ്റ്റോൺ നീക്കി ശുശ്രൂഷകളിൽ ഉത്സാഹമായി വീണ്ടും തുടരുവാൻ കർത്താവു കൃപ ചെയ്തു. പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**മാവേലിക്കര:** ഈ സഭയിൽ നിന്നും കുടുംബമായി ഛത്തീസ്ഗഡിൽ പൂർണ്ണ സമയ വേലയ്ക്കായി കടന്നു പോയിരിക്കുന്ന ബ്രദർ യേശുദാസിനെ പ്രാർത്ഥനയിൽ ഓർക്കുക. വിലാസം: Yesudas P.C., C/o. Thomas Joseph, Kurenar Bande P.O., Kanker District, Chhathisgrah- 494777

*നൈനാൻ കെ. ഈശോ,*
*പി.ഡി. പാപ്പി.*

## സുവിശേഷ മഹായോഗം

**കോതമംഗലം:** തങ്കളം കവലയ്ക്കു സമീപം തയ്യാർ ചെയ്യുന്ന പന്തലിൽ ഫെബ്രുവരി 23 മുതൽ 26 വരെ. ബിജു കെ. ആലടി, ചാണ്ടപ്പിള്ള ഫിലിപ്പ് എന്നിവർ പ്രസംഗിക്കുന്നു. യോഗാനുഗ്രഹത്തിനായി പ്രാർത്ഥിക്കുക

*കെ.വി. മത്തായി*

**പറവൂർ:** പറവൂർ സഭയുടെ ആഭിമുഖ്യത്തിൽ സുവിശേഷ പ്രഭാഷണവും ആത്മീയഗാന ശുശ്രൂഷയും ഫെബ്രുവരി 9 മുതൽ 12 വരെ വൈകുന്നേരം 6 മണി മുതൽ 8 മണി വരെ സഭാങ്കണത്തിൽ വച്ച് നടത്തപ്പെടുന്നു. സഹോദരന്മാരായ വർഗീസ് കുര്യൻ (കോട്ടയം), ജോസ് മാങ്കുടി (വയനാട്) എന്നിവർ വചനം ശുശ്രൂഷിക്കും. യോഗാനുഗ്രഹത്തിനായും ആത്മാക്കൾ രക്ഷിക്കപ്പെടേണ്ടതിനായും ദൈവജനം പ്രാർത്ഥിച്ചാലും.

## പ്രാർത്ഥനായോഗം

**കല്ലിശ്ശേരി:** സുവിശേഷകന്മാരുടെ ഈ മാസത്തെ പ്രാർത്ഥനായോഗം ഫെബ്രുവരി 7 ചൊവ്വ രാവിലെ 10 ന് ഉമയാറ്റുകര ബ്രദറൺ ഹാളിൽ വച്ച് (അമ്പീരേത്ത് ജംഗ്ഷനു സമീപം) നടക്കുന്നു. സുവിശേഷകന്മാർ പ്രാർത്ഥനയോടെ പങ്കെടുക്കുക.

## പ്രാർത്ഥനയ്ക്ക്


**ഭയന്തർ (താനെ):** ഇമ്മനുവേൽ ബ്രദറൺ സഭാസുവിശേഷകൻ ബാബു വർഗീസ്, സുവിശേഷകൻ ജോൺ ചാക്കോ എന്നിവർ സഹോദരന്മാരായ മോറേ, കോറി എന്നിവരൊരുമിച്ച് ലാത്തൂർ ജില്ലയിലേക്ക് സുവിശേഷ പ്രവർത്തനത്തിനു പോകുന്ന സമയം അപകടമുണ്ടാവുകയും സുവി. ബാബു വർഗീസിന്റെ വലതുകരം ഒടിയുകയും ചെയ്തു. മറ്റു സഹോദരന്മാർ കാര്യമായ പരിക്കില്ലാതെ രക്ഷപ്പെട്ടു. ബാബു വർഗീസിന്റെ വലതുകരത്തിന് ശസ്ത്രക്രിയ ആവശ്യമായി വന്നു. ഇപ്പോൾ താൻ ഭവനത്തിൽ വിശ്രമിക്കുന്നു. തന്റെ വാഹനത്തിന് കാര്യമായ തകരാറുണ്ട്. വേഗത്തിൽ സുഖം പ്രാപിച്ച് കർത്താവിന്റെ വേലയിൽ തുടരുവാൻ വേണ്ടി പ്രാർത്ഥിച്ചാലും.

*നിതിൻ കുർനെ,*
*ലൂയിസ് ധർമ്മാജി*

**ബാലിഗുഡ (ഒറീസ്സ):** കഴിഞ്ഞ നാലു വർഷങ്ങളായി സഹോദരന്മാരുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി ക്രിസ്ത്യാനികൾ ക്രൂരമായി പീഡിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുന്ന 'കൊന്തമാളി'ൽ വിശേഷാൽ 'ബാലിഗുഡ'യിൽ 16 കുടുംബങ്ങളിൽ നിന്നായി 40 സഹോദരീ സഹോദരന്മാർ കർത്തൃമേശയിൽ സംബന്ധിച്ചു വരുന്നു. രണ്ടു അനാഥാലയങ്ങളിലെ കുട്ടികൾ അടക്കം 43 കുഞ്ഞുങ്ങൾ സണ്ടേസ്കൂൾ പഠിച്ചു വരുന്നു. ഇവിടത്തെ മറ്റ് ആത്മിക പ്രവർത്തനങ്ങളും അനുഗ്രഹമായി തുടർന്നു വരുന്നു. പ്രാർത്ഥനയിൽ ഓർക്കുക.

*സി.ജെ. വർഗീസ്*

## മഹത്വത്തിൽ



**കുമ്പനാട്:** കുമ്പനാട് സഭാംഗമായ മുകളുകാലായിൽ ബ്രദർ പി.എൽ. ശമുവേൽ (83) ജനുവരി 28 ന് താൻ പ്രിയം വെച്ചിരുന്ന പ്രത്യാശയുടെ തീരത്തേക്ക് മാറ്റപ്പെട്ടു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും. സംസ്കാരം 31 ന് കുമ്പനാട് ബ്രദറൺ സെമിത്തേരിയിൽ നടന്നു.

**ഇടുക്കി:** തങ്കമണി ബ്രദറൺ സഭാ സുവിശേഷകൻ ആന്റണി ഫിലിപ്പിന്റെ പിതാവ് ഫിലിപ്പ് ആന്റണി (82) താൻ പ്രിയം വച്ചിരുന്ന കർത്യസന്നിധിയിലേക്കു പ്രവേശിച്ചു. സുവി. ആലിച്ചൻ ആൻണി (ഇരവിപേരൂർ) കൊച്ചുമകനാണ്. ഭൗതികശരീരം ജനുവരി 24-ന് സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**കുമ്പനാട്:** ഗ്രേസ് വില്ലയിൽ ഗ്രേസികുട്ടി ജോർജ്ജ് (82) ജനുവരി 30 ന് കർത്യസന്നിധിയിലേക്ക് മാറ്റപ്പെട്ടു. കുമ്പനാട് ബ്രദറൺ സഭാംഗമാണ്. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ വഹിക്കുക.

**കോട്ടയം:** അയ്മനം മണക്കുളത്തിൽ ഡോ. എം.എം. ജോൺ (76) മഹത്വത്തിലേക്കു ചേർക്കപ്പെട്ടു. സംസ്കാരം ജനുവരി 17 -ന് നടന്നു. കുടുംബാംഗങ്ങളെ ഓർത്തു പ്രാർത്ഥിക്കുക.

**പുനലൂർ:** പരേതനായ ഉണ്ണൂണ്ണിയുടെ ഭാര്യയും ചെമ്മന്തൂർ ബ്രദറൺ സഭാംഗവുമായ പൊടിയമ്മ (84) ജനുവരി 18-ന് മഹത്വത്തിലായി. ഭൗതികശരീരം 21-ന് ഇളമ്പൽ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ വഹിക്കുക.

കവിത

## പിന്നിട്ട വഴികൾ



സുനി ജോബി,
അങ്കമാലി

പിന്നിട്ട പാതകളോരോന്നായെൻ മുന്നിൽ-
മിന്നി മറയുന്നൊരു വേള നാഥാ.
എത്രയോ അത്ഭുതം താതാ നിൻ കരുതൽ
എന്തത്ഭുമാ സ്നേഹത്തെ ഓർക്കിൽ!

ആപത്തനർത്ഥങ്ങളോരോന്നുമെന്റെ-
ജീവനിൽ നേർക്കു നേർ കണ്ടൊരു നേരം
ഓർക്കുന്നു ഞാനെന്റെ നാഥനറിയാതെ-
ഒന്നും ഭവിക്കുകയില്ലെനിക്കെന്ന്!

വെയിലും തണുപ്പും ഞാനറിഞ്ഞില്ല
ദുർഘടമേടുകൾ ഭീതിയായില്ല
ജീവന്റെ നാഥനെൻ കരം പിടിച്ചപ്പോൾ
ആനന്ദമിന്നുമീ ജീവിത യാത്ര!

വേദന ഞാനിന്നു മധുരമാക്കുന്നു-
കഷ്ടതയെന്റെ കൺ തുറപ്പിക്കുന്നു.
ശോകങ്ങളെല്ലാമെൻ ഗാനമാകുന്നു
പ്രതികൂലമിന്നെന്റെ ശക്തിയാകുന്നു.

ഇല്ലില്ല മാറുവാനാകില്ലെനിക്കിനി
ആ സ്നേഹ നാഥനെൻ മാനസം തൊട്ടു
ജീവനും മരണവും നിൻ മഹിമയ്ക്കായ്
തീരണം നാഥാ... എന്നാണെന്നാശ...

പുസ്തകലോകം

## മക്കൾക്ക് നൽകാനുള്ളത്

മക്കൾക്ക് ലോകപ്രകാരമുള്ള വിദ്യാഭ്യാസം നൽകണമെന്ന് വചനത്തിൽ കല്പനയില്ല. "വളർത്തുക" എന്നുള്ള കടപാടിൽ അതും ഉൾക്കൊള്ളുമെന്നു വിചാരിക്കാം. നേരിട്ട് കല്പിക്കാത്ത കാര്യം അമിത പ്രാധാന്യത്തിൽ ചെയ്യുകയും, ആവർത്തിച്ച് കല്പിച്ചിട്ടുള്ള കാര്യം അവഗണിക്കുകയും ചെയ്യുന്നത് അവിവേകമാണ്. മക്കൾക്ക് വചനം പഠിക്കാനായി സ്ഥലം സഭയിൽ ലഭിക്കേണ്ടുന്ന അവസരങ്ങൾ പോലും വിദ്യാഭ്യാസ ആവശ്യങ്ങളുടെ മുഖത്ത് ഹോമിക്കപ്പെടുന്നു എന്നത്, ഭയത്തോടെ ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. സഭായോഗങ്ങളുടെ സമയം, ട്യൂഷനും കോച്ചിംഗും ഒക്കെ അപഹരിക്കുന്നത് ദൈവത്തോടും ദൈവവചനത്തോടുമുള്ള കടുത്ത അനാദരവാണ്. മുൻപേ കർത്താവിന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നതാണല്ലോ ദൈവഭക്തിയുടെ ലക്ഷണം. ദൈവത്തെ മാനിക്കുന്നവരെ ദൈവം നിശ്ചയമായും മാനിക്കും; ദൈവത്തെ നിന്ദിക്കുന്നവർ നിന്ദിതരാകും.

*(ബ്രദർ വി.പി. പൗലോസ് രചിച്ച ഭക്തിയുള്ള കുടുംബം എന്ന ഗ്രന്ഥത്തിൽ നിന്ന്.)*

# സുവിശേഷക്യാമ്പ് ഫെബ്രുവരി 16 മുതൽ

**ആലപ്പുഴ:** വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ആലപ്പുഴ ജില്ലയിൽ കുട്ടനാടൻ പ്രദേശമായ കണ്ടംകരിയിൽ ഫെബ്രുവരി 16 മുതൽ 18 വരെ സുവിശേഷക്യാമ്പ് നടത്തുന്നു. പൊങ്ങ ബ്രദറൺ സഭയുടെ സഹകരണത്തിൽ ഫെബ്രുവരി 16 വ്യാഴം രാവിലെ 9 മണിക്ക് ആരംഭിക്കുന്ന ക്യാമ്പ് 18 ശനി രാത്രി 9 ന് സമാപിക്കും. രാവിലെ വചനധ്യാനത്തിനു ശേഷം ഭവന സന്ദർശനവും ഉച്ചകഴിഞ്ഞ് ഗ്രൂപ്പ് പ്രാർത്ഥനയും ബൈബിൾ ക്ലാസും നടക്കും. വൈകിട്ട് 4.30 മുതൽ 6.30 വരെ വിവിധ സ്ഥലങ്ങളിൽ പരസ്യയോഗങ്ങളും 6.30 മുതൽ 9 വരെ രാത്രിയോഗങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.

സുവിശേഷ തല്പരരായ സഹോദരന്മാർ ഈ ക്യാമ്പിൽ കൃത്യസമയത്ത് കടന്നുവന്നു വേലയിൽ സഹകാരികളാവുക. ചമ്പക്കുളം ബസ് സ്റ്റാൻഡിൽ എത്തി 9495162389, 9446104147 എന്നീ നമ്പറുകളിൽ വിളിച്ചാൽ ക്യാമ്പിൽ എത്തുവാൻ സഹോദരന്മാർ സഹായിക്കും. ദൈവജനം ഈ ക്യാമ്പിന്റെ അനുഗ്രഹകരമായ നടത്തിപ്പിനായി പ്രാർത്ഥിക്കുക.

# പ്രവർത്തന റിപ്പോർട്ട് പ്രസിദ്ധീകരിച്ചു

**പട്ടം:** തിരുവനന്തപുരം വൈ.എം.ഇ.എഫ്.ന്റെ 2010 ജനുവരി മുതൽ 2011 ഡിസംബർ വരെയുള്ള രണ്ടു വർഷത്തെ റിപ്പോർട്ടു പ്രസിദ്ധീകരിച്ചു. കേരളത്തിലെ സുവിശേഷീകരണത്തിൽ, പ്രത്യേകിച്ച് തിരുവനന്തപുരം ജില്ലയിൽ എളിയ സംഭാവന നൽകി ഇത്രത്തോളം അതിന്റെ പ്രവർത്തനം തുടരുവാൻ കർത്താവു സഹായിച്ചു.

ഏകദിന സുവിശേഷ പ്രവർത്തനം, ഏകദിന പരസ്യയോഗങ്ങൾ, ഏകദിന പ്രാർത്ഥനയും വചനധ്യാനവും, തിരഞ്ഞെടുക്കപ്പെട്ട സ്ഥലം സഭകളിൽ സുവിശേഷ ക്യാമ്പുകൾ, ഭവന സന്ദർശനങ്ങൾ മുതലായവയാണ് ഓരോ മാസത്തെയും പ്രവർത്തന രീതി. റിപ്പോർട്ടു കാലയളവിൽ 2 സുവിശേഷ ക്യാമ്പുകൾ 25 ഏകദിന സുവിശേഷ പ്രവർത്തനങ്ങൾ 7 ഏകദിന പരസ്യയോഗങ്ങൾ 22 ഏകദിന പ്രാർത്ഥനയും വചനധ്യാനവും നടന്നിട്ടുണ്ട്. പ്രവർത്തനത്തിന്റെ ആവശ്യത്തിലേക്കായി ഒരു ഹാന്റ് മൈക്കും, ബാറ്ററിയും സംഗീത ഉപകരണങ്ങളും വാങ്ങുവാൻ ദൈവം കൃപ ചെയ്തു. അത് പ്രവർത്തനങ്ങൾക്ക് വളരെ പ്രയോജനമായിരിക്കുന്നു.

2012–14 കാലയളവിലേക്ക് ഭാരവാഹികളെ തെരെഞ്ഞെടുക്കുന്നതിനായി 2011 ഡിസം. 17 –ന് പട്ടം ബ്രദറൺ സഭാ ഹാളിൽ കൂടുകയുണ്ടായി. പ്രസിഡന്റ് എം.കെ. തോമസിന്റെ അധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ കഴിഞ്ഞ കാലങ്ങളിലെ പ്രവർത്തനങ്ങളെ വിലയിരുത്തി. കൂടുതൽ ഊർജ്ജസ്വലതയോടുകൂടി പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടു പോകുന്നതിന് പ്രസിഡന്റ് ആഹ്വാനം ചെയ്തു. തുടർന്ന് ട്രഷറാർ ബ്ര. ജോർജ്ജ് സി. വർഗീസ്, "നിങ്ങളുടെ വഴികളെ വിചാരിച്ചു നോക്കുവിൻ" (ഹഗ്ഗായി 1:2–9), "നിന്റെ അപ്പത്തെ വെള്ളത്തിന്മേൽ എറിക, ഏറിയ നാൾ കഴിഞ്ഞിട്ട് നിനക്ക് അതു കിട്ടും" (സഭാ. പ്ര. 11:1) എന്നീ വാക്യങ്ങളെ അടിസ്ഥാനപ്പെടുത്തി കർത്തൃദാസന്മാരെ പ്രബോധിപ്പിച്ചു. ബ്രദർ ജോയി കുമാർ പ്രവർത്തന റിപ്പോർട്ടും, ബ്രദർ ജോർജ്ജ് സി. വർഗീസ്, രണ്ടു വർഷത്തെ വരവു ചെലവു കണക്കുകളും അവതരിപ്പിച്ചു.

തുടർന്ന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ജോൺ പണിക്കർ മണ്ണന്തല (പ്രസിഡന്റ്), ഏബ്രഹാം മാത്യൂസ് മണ്ണന്തല (വൈസ് പ്രസിഡന്റ്), ജോളി കെ.ജി. അമ്പൂരി (സെക്രട്ടറി), ബിജു വിൽസൺ കരകുളം (ജോയിന്റ് സെക്രട്ടറി), ജോർജ്ജ് സി. വർഗീസ് പട്ടം (ട്രഷറാർ). കൂടാതെ എട്ട് കമ്മിറ്റി അംഗങ്ങളെയും തിരഞ്ഞെടുത്തു. തിരുവനന്തപുരം വൈ.എം.ഇ.എഫ്. ന്റെ പ്രവർത്തനങ്ങളെ തുടർന്നും പ്രാർത്ഥനയിൽ ഓർത്താലും.

*ജോയി കുമാർ വി.കെ.*

ചിന്ത

*റ്റി. വി. എസ്.*

# പ്രചോദനത്തിന്റെ ശക്തി

മനുഷ്യൻ എപ്പോഴും ആഗ്രഹിക്കുന്നത് മറ്റുള്ളവരിൽ നിന്നുള്ള പ്രശംസയാണ്. പ്രവൃത്തി നന്നായിട്ടുണ്ടെങ്കിൽ പ്രശംസിക്കേണ്ടത് ആവശ്യവുമാണ്. എന്നാൽ എല്ലായ്പ്പോഴും നമ്മുടെ പ്രവൃത്തികൾ പ്രശംസയ്ക്ക് പാത്രീഭവിക്കണം എന്നില്ല. നമ്മുടെ പ്രവർത്തനങ്ങളിൽ വളരെ അധികം ആളുകൾ കാഴ്ചക്കാരായിട്ടുണ്ടെങ്കിൽ ആ കാര്യം നാം ആത്മാർത്ഥമായി സകല ഉത്സാഹവും കഴിച്ച് ചെയ്തു എന്നു വന്നേക്കാം.

ഫുട്ബോൾ കളിക്കുന്ന ജിമ്മിയുടെ കഥ ഇങ്ങനെ തുടരുന്നു. ജിമ്മി ടീമിൽ ഒരു വിധം നന്നായ് കളിക്കുന്നവനാണ്. ടൂർണ്ണമെന്റ് വരുമ്പോൾ കോച്ച് അവനെ കളിപ്പിക്കാതെ പകരക്കാരനായിട്ടാണ് ഗണിച്ചിരുന്നത്. എന്നും പരിശീലനത്തിന് ജിമ്മി ഗ്രൗണ്ടിൽ എത്തും. അവന്റെ പിതാവ് ഗ്രൗണ്ടിന്റെ ഒരു മൂലയിൽ മാറിയിരുന്ന് മകന്റെ കളികൾ ശ്രദ്ധിക്കും. അങ്ങനെ ഒരു ടൂർണ്ണമെന്റിന്റെ അവസാനദിവസമായി. ജിമ്മി കോച്ചിനോടു പറഞ്ഞു: "ഞാൻ എന്നും പകരക്കാരനായിട്ടാണ് ഇരിക്കുന്നത്. എന്നാൽ ഇന്ന് എനിക്കു കളിക്കണം." ക്ഷമിക്കണം അത് സാധിക്കയില്ലായെന്ന് കോച്ചു പറഞ്ഞു. നിന്നെക്കാൾ കേമന്മാർ ടീമിലുണ്ട്. ഇത് അവസാനത്തെ കളിയാണ്. ഇതിൽ തോറ്റാൽ സ്കൂളിന്റെ അഭിമാനം തന്നെ നഷ്ടമാകും. പക്ഷെ ജിമ്മി വിട്ടില്ല. എനിക്കിന്ന് കളിക്കണം. ഞാൻ നന്നായി കളിക്കും. ജിമ്മിയുടെ നിർബന്ധത്തിനു വഴങ്ങി കോച്ച് സമ്മതിച്ചു. ജിമ്മി കളിക്കാൻ തുടങ്ങി കാണികൾക്ക് ഹരമായി. ജിമ്മി തീപ്പൊരി പോലെ പാഞ്ഞു നടന്ന് ഗോളടിച്ചു. ജിമ്മിയുടെ ടീം വിജയിച്ചു. അന്നത്തെ അറ്റവും നല്ല കളിക്കാരനായി ജിമ്മി തിരഞ്ഞെടുക്കപ്പെട്ടു.

ജിമ്മിയുടെ തോളിൽ തട്ടിക്കൊണ്ട് കോച്ചു പറഞ്ഞു: "നീ ഒരിക്കലും ഇതുപോലെ കളിച്ചിട്ടില്ലല്ലോ. ഇത് എങ്ങനെ സാധിച്ചു?" ജിമ്മി പറഞ്ഞു: "എന്റെ സ്നേഹവാനായ പിതാവ് ഞാൻ കളിക്കുന്നത് മുഴുവനും കാണാനുണ്ടായിരുന്നു." കോച്ച് ചുറ്റുപാടും നോക്കിയിട്ട്, "നിന്റെ പിതാവിനെ ഞാൻ ഇവിടെ കണ്ടില്ലല്ലോ." ജിമ്മി വീണ്ടും ഇങ്ങനെ പറഞ്ഞു: "ഞാൻ ഒരു സത്യം പറയാം. ഇവിടെ എന്നും വരുന്ന എന്റെ പിതാവിന് കണ്ണു കാണുവാൻ പാടില്ലായെന്ന് ഞാൻ സാറിനോട് പറഞ്ഞിട്ടില്ലെ. ഒരാഴ്ച മുമ്പ് എന്റെ പിതാവ് മരിച്ചു. എങ്കിലും സ്വർഗ്ഗത്തിലിരുന്ന് ആദ്യമായി എന്റെ കളി അദ്ദേഹം തുറന്ന കണ്ണുകളോടെ കാണുന്നുണ്ട് എന്ന് എനിക്കറിയാം. അതുകൊണ്ട് എന്റെ സകലകഴിവുകളും ഉപയോഗിച്ച് പിതാവിന്റെ സന്തോഷത്തിന്നായി എനിക്കു കളിക്കാൻ സാധിച്ചു. അതാണ് യഥാർത്ഥമായ എന്റെ പ്രചോദനത്തിന്റെ ശക്തി."

ദൈവമക്കളെ, നാം ഓട്ടക്കളത്തിൽ ഓടുന്നവരാണ്. വിശ്വാസത്തിന്റെ പാതയിൽ നമ്മുടെ നടത്തവും ഓട്ടവും കാണുന്ന ഒരാൾ സ്വർഗ്ഗത്തിൽ ഉണ്ട്. അദ്ദേഹം നോക്കുന്നത് തന്റെ മക്കൾ നടക്കുന്നതും ഓടുന്നതും പ്രമാണം അനുസരിച്ചു തന്നെയാണോ എന്നാണ്. നമ്മുടെ ഫീൽഡിൽ നാം ചെയ്യുന്ന ഓരോ പ്രവർത്തനവും പ്രശംസയ്ക്കു വേണ്ടിയാണോ അതോ നമ്മെ തിരഞ്ഞെടുത്ത പടനായകന്റെ മഹത്വത്തിനു വേണ്ടിയോ....? നാം പൊരുതുന്നതും, ഓടുന്നതുമെല്ലാം വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനും ആയ കർത്താവ് കാണുന്നുണ്ട്. ആരും കാണുന്നില്ലല്ലോ എന്നു കരുതി ട്രാക്ക് തെറ്റി ഓടുന്നവർ അനേകർ ഇന്ന് സഭാതലത്തിൽ ഉണ്ട്. അവന്റെ മുമ്പാകെ സകലവും നഗ്നവും മലർന്നതുമായി ഇരിക്കുന്നു. ഈ ഓട്ടക്കളത്തിൽ വിജയം പ്രാപിക്കണമെങ്കിൽ ദാനിയേലിനെപ്പോലെ വർജ്ജനം ആചരിക്കേണ്ടതാണ്. എന്നാൽ ഇന്ന് ലോകത്തിൽ നിന്ന് എന്തെല്ലാം ആർജ്ജിച്ചെടുക്കാമോ അതിന്നായി ശ്രമിക്കുന്നവർ വർധിച്ചു വരികയാണ്. ചിലർ ഉത്തേജക മരുന്നുവരെ കഴിക്കുന്നു. എന്നാൽ പിടിക്കപ്പെടുന്ന ഒരു സമയം ഉണ്ട്. ദൈവനാമം അതു മൂലം ദുഷിക്കപ്പെടുന്നു. സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടാം. ആ പിതാവിന്റെ മുഖത്തു നോക്കി പ്രചോദനമുൾക്കൊണ്ട ജിമ്മിയെപ്പോലെ നമ്മുടെ കർത്താവിന്റെ മുഖത്തു നോക്കി ക്രിസ്തീയ ജീവിതത്തിന്റെ ഓട്ടം ഓടി പൂർത്തീകരിക്കാം. അതിനു ദൈവം നമ്മെ സഹായിക്കട്ടെ.

# എക്സോഡസ് ടി.വി. ഒരു വേറിട്ട ശുശ്രൂഷ

"ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു" (റോമ 10:17) എന്ന തിരുവചന വാക്യമാണ് റേഡിയോ മന്ന എന്ന ഓൺലൈൻ ഇന്റർനെറ്റ് റേഡിയോയുടെ പ്രവർത്തന പ്രേരക ശക്തി. വിശ്വാസികൾക്കിടയിൽ ആകർഷിക്കപെടുകയും ആയിരങ്ങൾക്ക് ലോകത്തിന്റെ വിവിധ ഭാഗത്ത് നിന്നും പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ഒരു ശുശ്രൂഷയാണ് റേഡിയോ മന്ന. തല്സമയ സംപ്രേഷണങ്ങൾ ശ്രവണ മാധ്യമത്താൽ അനേകർക്ക് അനുഗ്രഹമായിരിക്കയാൽ ശ്രോതാക്കളിൽ നിന്നും അത് ദൃശ്യ മാധ്യമത്തിലും ലഭ്യമാക്കിയാൽ പ്രയോജനകരമാകും എന്ന അഭിപ്രായം ഉണ്ടായതിനെ തുടർന്നും ഈ അന്ത്യ കാലത്തിൽ തിരുവചന സത്യങ്ങൾ അതിശക്തിയോടെ ജന ഹൃദയങ്ങളിൽ പകരണമെന്നുള്ള ശക്തമായ പ്രേരണയുമാണ് എക്സോഡസ് ടി.വി. വേർപാടുകാരുടെ ഇടയിലെ പ്രഥമ സംരംഭമാണിത്. തത്സമയ സംപ്രേഷണങ്ങൾ ശ്രവിക്കുവാനും നിരീക്ഷിക്കുവാനും എക്സോഡസ് ടി.വി. അവസരമൊരുക്കുന്നു.



24 മണിക്കൂറും ആത്മീയ മന്ന വിളമ്പുക എന്ന അത്യുന്നത ശുശ്രൂഷയാണ് പ്രസ്തുത സംരംഭത്തിനു പിന്നിൽ പ്രവർത്തിക്കുന്നവരുടെ ലക്ഷ്യം. അതിനായി വളരെ പ്രാർത്ഥന ആവശ്യം. നിരവധി കൺവൻഷനുകൾ തത്സമയം സംപ്രേഷണം ചെയ്യുവാൻ അന്വേഷണങ്ങൾ ലഭിക്കുന്നു. തിരുവല്ല മ്യൂസിക് ഫെസ്റ്റ് തത്സമയം സംപ്രേഷണം ചെയ്യുന്നുണ്ട്. സുവിശേഷീകരണത്തിന്റെ വാതിലുകൾ കൊട്ടിയടയ്ക്കപ്പെടുമ്പോഴും ദൈവവചന ഉപദേശസത്യങ്ങളുടെ പതിന്മടങ്ങ് ദുരുപദേശം വ്യാപരിക്കുമ്പോഴും ഉണരാം നമുക്കിനി. റേഡിയോ മന്നയും എക്സോഡസ് ടി.വി.യും തിരുവചനാധിഷ്ഠിത ഓഡിയോ വീഡിയോ പരിപാടികൾ ഇനിയും ക്ഷണിക്കുന്നു. radiomanna@gmail.com or exodusonlinetv@gmail.com ഈ വിലാസങ്ങളിൽ ബന്ധപ്പെടുക.

## പ്രത്യേക ശ്രദ്ധയ്ക്ക്

വാർത്തകളും ലേഖനങ്ങളും ചീഫ് എഡിറ്ററുടെ വിലാസത്തിൽ മാത്രം അയയ്ക്കുക. സഭാവാർത്തകൾ മൂപ്പന്മാർ സാക്ഷ്യപ്പെടുത്തിയിരിക്കണം. താമസിച്ചു ലഭിക്കുന്ന വാർത്തകൾ പ്രസിദ്ധീകരിക്കുന്നതല്ല.

*- പബ്ലിഷർ*

SUVISESHA DHWANI
Fortnightly
Vol. 36 Issue 10
Annual Subscription
India Rs. 100
USA/Canada US$ 50
Envelope Postage
Rs. 1200

**Please send news and articles to:**

Chief Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Tel. 0479 - 2476677
Mob : 9495162788

Associate Editors:
**V. S. Mathew & Jose Philip**

Send your drafts & money order to :
Managing Editor
**P.S. Ninan**
Thondiyath puthenveedu,
Kallissery P.O.,
Alappuzha - 689 124
Tel. 0479 - 2165241
\Mob. 9446004619

Circulation Manager:
**Stanly Jacob**
Umayattukara
Tel. 9847532592

Please send DD/Cheque drawn in favour of :
Suvisesha Dhwani

**suviseshadhwani2011@gmail.com**

**04.02.2012**

**REGISTERED**
***Reg. No. RN 29475/78***
**Postal Reg. No. KL / MVK / 188 / 2011-13**
**Day of posting - Every Alternate Saturday**
**Place of posting - Kayamkulam R.M.S.**

*If not delivered, please return to :*
Managing Editor,
**SUVISESHA DHWANI,**
**Thondiyath puthenveedu, Kallissery P.O.,**
**Alappuzha - 689 124,**
**Kerala, India.**